03
2025
ഏപ്രിൽ
വ്യാഴം
മീനം 20

NAUTICAL TIMES
KERALA
The National Daily in Malayalam / English

നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.114 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-114 പേജ് 4. വില 2.00 രൂപ

02 മാലിന്യത്തിൽ നിന്നും വളം മുതൽ വൈദ്യുതി വരെ

03 സ്വാമി നിത്യാനന്ദ മരിച്ചെന്നും ഇല്ലെന്നും റിപ്പോർട്ടുകൾ

04 മാലിന്യത്തിൽ നിന്നും വളം മുതൽ വൈദ്യുതി വരെ

വഖഫിൽ ചർച്ച തുടരുന്നു

ന്യൂഡൽഹി : ലോക്സഭയിൽ കേന്ദ്രമന്ത്രി കിരൺ റിജിജു അവതരിപ്പിച്ച വഖഫ് ഭേദഗതി ബില്ലിനെ എതിർത്ത് ഇന്ത്യാ മുന്നണി അടക്കമുള്ള പ്രതിപക്ഷ കക്ഷികൾ. സർക്കാർ ഭൂമിയിൽ പോലും വഖഫ് അവകാശവാദം ഉന്നയിക്കുന്നുവെന്ന് വഖഫ് ബിൽ അവതരിപ്പിച്ച് കേന്ദ്രമന്ത്രി കിരൺ റിജിജു ആഞ്ഞടിച്ചപ്പോൾ, അസമിൽനിന്നുള്ള കോൺഗ്രസ് അംഗം ഗൗരവ് ഗൊഗോയിയാണ് പ്രതിപക്ഷത്ത് നിന്ന് ആദ്യമായി എതിർത്ത് സംസാരിച്ചത്. വഖഫ് ഭേദഗതി ബില്ലിലൂടെ കേന്ദ്രസർക്കാർ ഭരണഘടനയെ ദുർബലമാക്കാൻ ശ്രമിക്കുകയാണെന്നും ന്യൂനപക്ഷങ്ങളെ അപകീർത്തിപ്പെടുത്തുന്നുവെന്നും പ്രതിപക്ഷത്തുനിന്ന് സംസാരിച്ച ഗൗരവ് ഗൊഗോയി ആരോപിച്ചു.

"ബിൽ ഭരണഘടനയെ ദുർബലപ്പെടുത്തുന്നതും ന്യൂനപക്ഷങ്ങളെ അപകീർത്തിപ്പെടുത്തുന്നതുമാണ്. ബിൽ ഇന്ത്യൻ സമൂഹത്തെ ഭിന്നിപ്പിക്കുന്നു, ന്യൂനപക്ഷ അവകാശങ്ങൾ നിഷേധിക്കുന്നു" ഗൗരവ് ഗൊഗോയി ചൂണ്ടിക്കാട്ടി. ബില്ലിന്മേൽ വിശദമായ ചർച്ച നടന്നുവെന്ന കേന്ദ്രമന്ത്രിമാരായ അമിത് ഷായുടേയും കിരൺ റിജിജുവിന്റേയും അവകാശവാദവും ഗൗരവ് ഗൊഗോയി തള്ളി. വഖഫിനെക്കുറിച്ച് യാതൊരു ധാരണയുമില്ലാത്തവരെപ്പോലും ജെപിസിയിലേക്ക് വിളിച്ചുവെന്നും ഗൊഗോയി തുറന്നടിച്ചു.

പ്രതിപക്ഷം മുന്നോട്ടുവെച്ച ഒരു ഭേദഗതി പോലും അംഗീകരിക്കാതെയാണ് ബിൽ ഇന്ന് അവതരിപ്പിച്ചത്.

ഇന്ത്യൻ മഹാസമുദ്രത്തിൽ വൻ ലഹരിവേട്ട; 2500 കിലോ മയക്കുമരുന്ന് പിടിച്ചെടുത്തു

ന്യൂഡൽഹി: ഇന്ത്യൻ മഹാസമുദ്രത്തിലൂടെ കടത്തിയ 2500 കിലോ മയക്കുമരുന്ന് നാവികസേന പിടിച്ചെടുത്തു. വെസ്റ്റേൺ നേവൽ കമാൻഡിന്റെ കീഴിലുള്ള യുദ്ധക്കപ്പൽ ഐഎൻഎസ് തർകശ് ആണ് ലഹരിവസ്തുക്കൾ പിടിച്ചെടുത്തത്.

സംശയാസ്പദമായ നിലയിൽ കണ്ടെത്തിയ ബോട്ടിൽ നടത്തിയ പരിശോധനയിലാണ് ഹാഷിഷും ഹെറോയിനും പിടിച്ചെടുത്തത്. 2,386 കിലോ ഹാഷിഷും 121 കിലോ ഹെറോയിനും പിടിച്ചെടുത്തെന്ന് അധികൃതർ പറഞ്ഞു. ബോട്ടിലുണ്ടായിരുന്നവരെ കസ്റ്റഡിയിൽ എടുത്തു. ഇവരെ മുംബൈയിലെത്തിച്ച് വിശദമായി ചോദ്യംചെയ്യും. കടലിലൂടെ മയക്കുമരുന്ന് കടത്തുന്നു എന്ന വിവരത്തെ തുടർന്ന് നാവികസേനയുടെ നേതൃത്വത്തിൽ നിരീക്ഷണം ശക്തമാക്കിയിരുന്നു.

വഖഫ് വിഷയം: കെസിബിസി പ്രകടിപ്പിച്ചത് ക്രൈസ്തവരുടെ വികാരം: കേരളാ കാത്തലിക് ഫെഡറേഷൻ

കൊല്ലം: വഖഫ് വിഷയത്തിൽ കേരള കത്തോലിക്കാ മെത്രാൻ സമിതി കേരളത്തിലെ എംപി മാരോട് ഉന്നയിച്ച ആവശ്യം കേരളത്തിലെ ക്രൈസ്തവരുടെ മുഴുവൻ വികാരമാണെന്ന് കെസിഎഫ് നേതൃയോഗം.

അതിനെ ക്രൈസ്തവ സമൂഹത്തിന്റെ രാഷ്ട്രീയ നിലപാടായി വ്യാഖ്യാനിക്കുന്നത് ശരിയല്ല. തങ്ങൾ തെരഞ്ഞെടുത്ത ജനപ്രതിനിധികൾ തങ്ങൾക്ക് വേണ്ടി സംസാരിക്കണമെന്ന് ആഗ്രഹിക്കുന്നത് ഏതെങ്കിലും ഒരു വർഗീയ നിലപാടാണെന്ന് വ്യാഖ്യാനിക്കുന്നത് അത്യന്തം ഖേദകരമാണ്.

മുനമ്പം ഭൂസമരത്തിന്റെ പശ്ചാത്തലത്തിൽ ഉണ്ടാകുന്ന വികാരത്തിന്റെ പ്രതിഫലനമാണ് ഇത്തരം നിലപാടുകൾ. കേരളത്തിലെ പ്രമുഖ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ കാട്ടുന്ന പക്ഷപാതപരമായ നിലപാടിനെതിരെയുള്ള പ്രതിഷേധം കൂടിയായി അതിനെ കാണാവുന്നതാണെന്ന് കേരള കത്തോലിക്ക ഫെഡറേഷൻ ചൂണ്ടിക്കാട്ടി. കെസിഎഫ് സംസ്ഥാന പ്രസിഡൻറ് അനിൽ ജോൺ ഫ്രാൻസിസ് അധ്യക്ഷത വഹിച്ചു.

കെസിബിസി ഡപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. തോമസ് തറയിൽ ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി വി. സി. ജോർജ് കുട്ടി, ട്രഷറർ അഡ്വ. ബിജു കുണ്ടുകുളം, ഭാരവാഹികളായ ജെയ്മോൻ തോട്ടുപുറം, ധർമരാജ് പിൻകുളം, സിന്ധു മോൾ ജസ്റ്റസ്, എബി കുന്നേപറമ്പിൽ, ടെസി ബിജു, ജെസി അലക്സ് എന്നിവർ പ്രസംഗിച്ചു.

മുനമ്പം പ്രശ്നത്തിന് പരിഹാരമാകുമെന്ന് മന്ത്രി കിരൺ റിജിജു

ന്യൂഡൽഹി: വഖഫ് ഭേദഗതി ബിൽ പാസായാൽ മുനമ്പത്തെ പ്രശ്നത്തിന് പരിഹാരമാകുമെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു. അറുനൂറിലധികം പേരുടെ ഭൂമിയിൽ വഖഫ് ബോർഡ് അവകാശം ഉന്നയിച്ചിരിക്കുകയാണെന്നും നിയമ ഭേദഗതി യാഥാർത്ഥ്യമാകുന്നതോടെ ഭൂമി തിരിച്ചെടുക്കാനാകുമെന്നും റിജിജു പറഞ്ഞു.

അതേസമയം വഖഫ് ബില്ലിന് ലോക്സഭയിൽ പിന്തുണയറിയിച്ച് ടിഡിപിയും ജെഡിയുവും രംഗത്തെത്തി. മുസ്ലിം ക്ഷേമത്തിനായി വഖഫ് ബില്ലിനെ പിന്തുണക്കുന്നുവെന്ന് ടിഡിപി പറഞ്ഞു. വഖഫ് ബോർഡുകളിലെ നിയമനങ്ങളിലടക്കം സംസ്ഥാന സർക്കാരുകൾക്ക് കൂടുതൽ അവകാശം നൽകണമെന്നും ടിഡിപി അംഗം കൃഷ്ണ പ്രസാദ് വ്യക്തമാക്കി.

മുസ്ലീം ക്ഷേമത്തിനാണ് വഖഫ് നിയമമെന്ന് ജെഡിയു എംപിയും മന്ത്രിയുമായ ലലൻസിംഗ് പറഞ്ഞു. രാജ്യത്ത് മതേതരത്വം പുലരണമെന്ന് ഏറ്റവുമധികം ആഗ്രഹിക്കുന്നയാളാണ് പ്രധാനമന്ത്രി നരേന്ദ്ര മോദിയെന്നും അദ്ദേഹം പറഞ്ഞു.

ഭൂമിതട്ടിപ്പ് കേസ്; എളമരം കരീമിന് അറസ്റ്റ് വാറണ്ട്

കോഴിക്കോട്: ഭൂമി തട്ടിപ്പ് കേസിൽ സിപിഎം നേതാവും മുൻ വ്യവസായ മന്ത്രിയുമായ എളമരം കരീമിന് അറസ്റ്റ് വാറണ്ട്. മുക്കം കാരശേരിയിലെ മുക്കം ക്രഷർ ആൻഡ് ഗ്രാനൈറ്റുമായി ബന്ധപ്പെട്ട കേസിൽ കോടതിയിൽ ഹാജരാവാത്തതിനെ തുടർന്നാണ് താമരശേരി കോടതി അറസ്റ്റ് വാറണ്ട് പുറപ്പെടുവിച്ചത്.

2009 -2011 കാലഘട്ടത്തിൽ ക്രഷർ നടത്താനെന്ന പേരിൽ എളമരം കരീമിന്റെ ബന്ധുവായ നൗഷാദ് തട്ടിപ്പ് നടത്തിയെന്നും നൗഷാദിന്റെ പേരിലേക്ക് ഭൂമി എഴുതി നൽകുന്നതിന് എളമരം കരീം ഇടനിലക്കാരനായി പ്രവർത്തിച്ചുവെന്നുമാണ് പരാതി.

പിന്നീട് സ്ഥലം സ്വന്തം പേരിലേക്ക് രജിസ്റ്റർ ചെയ്ത് നികുതി അടച്ച് സ്ഥലം നൗഷാദ് കൈക്കലാക്കിയെന്നും ക്വാറി തുടങ്ങുകയോ പണം നൽകുകയോ ചെയ്തില്ലെന്നും പരാതിക്കാർ പറയുന്നു.

2013-ൽ മുഖ്യമന്ത്രി ഉൾപ്പടെയുള്ളവർക്ക് ഭൂമിനഷ്ടപ്പെട്ടവർ പരാതി നൽകുകയും 2015-ൽ ക്രൈംബ്രാഞ്ച് പരാതിയിൽ അന്വേഷണം നടത്തുകയും ചെയ്തിരുന്നു. ഈ അന്വേഷണത്തിന്റെ റിപ്പോർട്ട് ഹൈക്കോടതിയിൽ സമർപ്പിക്കുകയും ചെയ്തിരുന്നു.

എന്നാൽ ഈ കേസ് എഴുതി തള്ളാൻ ക്രൈംബ്രാഞ്ച് തീരുമാനം എടുത്തതോടെ ഉന്നതബന്ധം ഉപയോഗിച്ച് കേസ് ഇല്ലാതാക്കാൻ ശ്രമിക്കുന്നു എന്ന് കാണിച്ച് ഭൂമി നഷ്ടപ്പെട്ടവർ കോടതിയെ സമീക്കുകയായിരുന്നു. നാല് തവണ ഹാജരാവാൻ ആവശ്യപ്പെട്ടിട്ടും എളമരം കരീം ഹാജരാവാതെ ഇരുന്നതോടെയാണ് കോടതി അറസ്റ്റ് വാറണ്ട് പുറപ്പെടുവിച്ചത്.

ഒരുലക്ഷത്തിൽപ്പരം കണ്ടെയ്നറുകൾ കൈകാര്യം ചെയ്ത് വിഴിഞ്ഞം തുറമുഖം

വിഴിഞ്ഞം: എംഎസ്സി ഷിപ്പിം കമ്പനിയുടെ ആധിപത്യത്തിൽ വീണ്ടും ചരിത്രം സൃഷ്ടിച്ച് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം. അധികൃതരുടെ പ്രതീക്ഷകൾക്കുമപ്പുറം ഒരു മാസം കൊണ്ട് ഒരു ലക്ഷത്തിൽപ്പരം കണ്ടെയ്നറുകൾ കൈകാര്യം ചെയ്ത് പ്രമുഖ തുറമുഖങ്ങൾക്കൊപ്പമെത്തി. കൊമേഴ്സ്യൽ തുറമുഖമായുള്ള പ്രഖ്യാപനം കഴിഞ്ഞു നാലാം മാസമായ മാർച്ചിൽ മാത്രം അടുത്ത 51 കപ്പലുകളിൽ നിന്നായി ഒരു ലക്ഷത്തി എണ്ണായിരം കണ്ടെയ്നറുകൾ കൈകാര്യം ചെയ്താണ് കഴിവ് തെളിയിച്ചത്.

ഏഷ്യയും യൂറോപ്പുമായി ബന്ധിപ്പിക്കുന്ന എംഎസ്സിയുടെ ജെഡ് സർവീസിൽ നാലുകപ്പലും വന്നുപോയി. രണ്ടു വൻകിട കപ്പലുകൾക്ക് ഒരേസമയം നങ്കൂരമിടാൻ സാധിക്കുന്ന ബർത്തുണ്ടെങ്കിലും എംഎസ്സി യുടെ ആധിപത്യമാണ് തുടരുന്നത്. തിരക്ക് വർധിച്ചതോടെ മറ്റ് ഏജൻസികൾക്ക് നൽകാൻ ബർത്ത് ഒഴിവില്ലാത്ത അവസ്ഥ വന്നതായും അധികൃതർ പറയുന്നു.

കഴിഞ്ഞ വർഷം ജൂലൈയിൽ ആരംഭിച്ച ട്രയൽ റൺ ഡിസംബറിൽ അവസാനിച്ചിരുന്നു. തുടർന്ന് കൊമേഴ്സ്യൽ തുറമുഖമായ വിഴിഞ്ഞം തുറമുഖത്ത് ഇതുവരെ 240 കപ്പലുകൾ അടുത്ത് ദൗത്യം പൂർത്തിയാക്കി മടങ്ങി.

വഖഫ് ഭേദഗതി ബില്ല് പാസായാലും നിയമപരമായി നേരിടുമെന്ന് മുസ്ലിംലീഗ്

തിരുവനന്തപുരം: വഖഫ് നിയമ ഭേദഗതി ബിൽ പാർലമെൻറിൽ പാസായാലും അതിനെ നിയമപരമായി നേരിടുമെന്ന് മുസ്ലിം ലീഗ് നേതാക്കളായ പാണക്കാട് സാദിഖലി ശിഹാബ് തങ്ങളും പി. കെ. കുഞ്ഞാലിക്കുട്ടിയും പറഞ്ഞു.

മുസ്ലീം വിഭാഗത്തെ മാത്രമല്ല ബില്ല് ബാധിക്കുകയെന്നും ന്യൂനപക്ഷ വിഭാഗങ്ങളുടെ അവകാശം ലംഘിക്കുന്ന ഒരുപാട് വകുപ്പുകൾ അതിലുണ്ടെന്നും കുഞ്ഞാലിക്കുട്ടി പറഞ്ഞു. മുനമ്പത്തെ പ്രശ്നം ഇതുമായി ബന്ധിപ്പിക്കരുത്. മുനമ്പം പ്രശ്നം കേരള സർക്കാർ മുൻകൈയെടുത്ത് തീർക്കാവുന്നതേയുള്ളൂ. അതിനെ വഖഫുമായി കൂട്ടിക്കെട്ടിയതിൽ മറ്റ് ലക്ഷ്യങ്ങളുണ്ടെന്നും കുഞ്ഞാലിക്കുട്ടി പറഞ്ഞു. തങ്ങൾ വഖഫ് കൈകാര്യം ചെയ്തിരുന്നപ്പോൾ മുനമ്പം പ്രശ്നം ഉണ്ടായിരുന്നില്ല. അത് അച്യുതാനന്ദൻ സർക്കാരിന്റെ കാലത്തുണ്ടായ ഒരു കമ്മീഷൻ റിപ്പോർട്ടിനെ തുടർന്നുണ്ടായ പ്രശ്നമാണ്. മുനമ്പം പ്രശ്നം സൃഷ്ടിച്ചതും തീർക്കാതിരിക്കുന്നതും എൽഡിഎഫ് സർക്കാരാണെന്നും കുഞ്ഞാലിക്കുട്ടി ആരോപിച്ചു.

പാളയത്തെ യൂണിവേഴ്സിറ്റി ഹോസ്റ്റലിൽനിന്ന് കഞ്ചാവ് പിടിച്ചു

തിരുവനന്തപുരം: കേരള യൂണിവേഴ്സിറ്റിയുടെ പാളയത്തെ മെൻസ് ഹോസ്റ്റലിൽ എക് സൈസ് നടത്തിയ റെയ്ഡിൽ കഞ്ചാവ് പിടികൂടി. ഹോസ്റ്റലിന്റെ 455-ാം നന്പർ മുറിയിൽ നിന്നാണ് 20 ഗ്രാം കഞ്ചാവ് പിടികൂടിയതെന്ന് എക്സൈസ് സംഘം അറിയിച്ചു.

മുറിയിലെ താമസക്കാരനായ മൂന്നാർ സ്വദേശിയായ വിദ്യാർഥിയെ എക്സൈസ് സംഘം കസ്റ്റഡിയിലെടുത്തു. മൂന്നാർ സ്വദേശിക്കൊപ്പം ഈ മുറിയിൽ ഒരു പൂർവവിദ്യാർഥിയും താമസിച്ചിരുന്നു. ഇരുവരും തമ്മിൽ കഴിഞ്ഞ ദിവസം സംഘർഷമുണ്ടായിരുന്നു. ഇതു സംബന്ധിച്ചു മ്യൂസിയം പോലീസിൽ പരാതി നൽകിയെങ്കിലും കാര്യമായ പരിശോധനയോ തുടർ നടപടിയോ ഉണ്ടായില്ലെന്ന പരാതിയുണ്ട്. പിന്നീടാണ് എക് സൈസിൽ ഇവിടെ എംഡിഎംഎ ഉണ്ടെന്ന രീതിയിൽ പരാതി ലഭിച്ചതും പരിശോധന നടത്തിയതും.

യൂണിവേഴ്സിറ്റി ഹോസ്റ്റലിലെ 15 മുറികളിലാണ് എക്സൈസ് സംഘം ഇന്നലെ പരിശോധന നടത്തിയത്. കളമശേരി ഗവൺമെൻറ് പോളിടെക്നിക് ഹോസ്റ്റലിൽനിന്ന് കഞ്ചാവ് പിടിച്ചെടുത്ത സംഭവത്തിനു പിന്നാലെയാണ് തിരുവനന്തപുരത്ത് കേരള യൂണിവേഴ്സിറ്റിയുടെ മെൻസ് ഹോസ്റ്റലിലും എക്സൈസ് പരിശോധനയിൽ കഞ്ചാവ് പിടിച്ചെടുത്തത്.

കേരള സർവകലാശാലയ്ക്കു കീഴിലെ നിരവധി സ്ഥാപനങ്ങളിലെ വിദ്യാർഥികൾ താമസിക്കുന്നത് ഇവിടെയാണ്. എസ്എഫ്ഐയുടെ നിയന്ത്രണത്തിലുള്ള ഹോസ്റ്റലാണിത്. നൂറോളം മുറികളാണ് ഇവിടെയുള്ളത്. ഇതിൽ 15 മുറികളിൽ മാത്രമാണ് പരിശോധന നടത്തിയത്. ഉച്ചയ്ക്ക് 12.30 നോടെ പരിശോധന പൂർത്തിയാക്കി എക് സൈസ് സംഘം മടങ്ങി.

പുറത്തു നിന്നുള്ള ഒട്ടേറെ പേർ യൂണിവേഴ്സിറ്റി ഹോസ്റ്റലിൽ കടന്നു കയറി താമസിക്കുന്നതായി പരാതി ഉയർന്നിരുന്നു. ചിലരുടെ ഫോട്ടോ അടക്കം എക് സൈസ് സംഘം വിദ്യാർഥികളെ കാണിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട അന്വേഷണവും വരും ദിവസങ്ങളിൽ നടക്കും. .

ഇവിടെ കൂടുതൽ മുറികളും അടഞ്ഞു കിടക്കുകയായിരുന്നു.

ഏരൂരിനെ മാലിന്യമുക്ത പദവിയിലെത്തിച്ച് കുടുംബശ്രീയുടെ ഹരിതകർമസേന

ഏരൂരിലെ കുടുംബശ്രീ ഹരിതകർമസേനാംഗങ്ങൾ

തിരുവനന്തപുരം: സമ്പൂർണ മാലിന്യമുക്ത പഞ്ചായത്ത് എന്ന നേട്ടം കൈവരിച്ചതിൻറെ ആഹ്ളാദ നിറവിലാണ് കൊല്ലം ജില്ലയിലെ ഏരൂർ ഗ്രാമപഞ്ചായത്തും ഹരിതകർമസേനയും. മാലിന്യത്തിൽ നിന്നും മുക്തി നേടാൻ കൈകോർത്തുള്ള പ്രവർത്തനം നേടിക്കൊടുത്തത് മികവിൻറെ മിന്നും നേട്ടം.

മാലിന്യ ശേഖരണവും സംസ്ക്കരണ സംവിധാനവും കാര്യക്ഷമമാക്കുന്നതിനായി പഞ്ചായത്തും ഹരിതകർമസേനയും കുടുംബശ്രീ സി.ഡി.എസും നടത്തിയ അക്ഷീണ പ്രവർത്തനങ്ങളാണ് മാലിന്യമുക്ത പഞ്ചായത്ത് എന്ന നേട്ടത്തിലേക്ക് ഏരൂരിനെ എത്തിച്ചത്. പഞ്ചായത്തിലെ 19 വാർഡുകളിലായി 36 ഹരിതകർമസേനാംഗങ്ങൾ മാലിന്യ ശേഖരണ രംഗത്ത് സജീവമാണ്. കുടുംബശ്രീ സി.ഡി.എസിൻറെ കീഴിലാണ് ഇവരുടെ പ്രവർത്തനം. ഓരോ വാർഡിലുമുള്ള ഹരിതകർമ സേനയുടെ കൃത്യമായ വിന്യാസവും ചിട്ടയായ പ്രവർത്തനവുമാണ് 100 ശതമാനം മാലിന്യ ശേഖരണത്തിലേക്ക് വഴി തെളിച്ചത്. കഴിഞ്ഞ ഏഴ് മാസങ്ങളായി നേടുന്ന നൂറു ശതമാനം യൂസർഫീ കളക്ഷൻ നേടാൻ കഴിയുന്നതും പൊതു സമൂഹത്തിൽ ഹരിതകർമസേനയയുടെ ജനകീയതയ്ക്ക് തെളിവാണ്. പ്രതിമാസം 12,000 മുതൽ 13,000 രൂപ വരെയാണ് നിലവിൽ ഇവർക്ക് ലഭിക്കുന്ന വേതനം.

വീടുകൾ, സ്ഥാപനങ്ങൾ, പൊതു സ്ഥലങ്ങൾ എന്നിവിടങ്ങൾ ഹരിതകർമ സേനയുടെ നേതൃത്വത്തിൽ വൃത്തിയായി സൂക്ഷിക്കുന്നു. പൊതുജന പങ്കാളിത്തം ഉറപ്പു വരുത്തി മാലിന്യ ശേഖരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഹരിതമിത്രം ആപ്ളിക്കേഷനുമുണ്ട്. മാലിന്യ സംസ്ക്കരണം കൂടുതൽ ഫലപ്രദമാക്കുന്നതിന് വാഹന സൗകര്യമൊരുക്കി വാർഡുകളിലേക്ക് എത്തിച്ച് മാലിന്യശേഖരണവും സംസ്ക്കരണവും നടത്തുന്നു. ഒപ്പം രണ്ട് സേനാംഗങ്ങൾക്ക് ഡ്രൈവിങ്ങ് പരിശീലനവും നൽകുന്നുണ്ട്. ശേഖരിച്ച മാലിന്യങ്ങൾ എം.സി.എഫിൽ എത്തിക്കുകയും പിന്നീട് കൺവെയർ ബെൽറ്റിൽ മാലിന്യങ്ങൾ തരംതിരിക്കുകയും ചെയ്യും. ഇവിടെ അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ ഓഫീസും സജ്ജമാക്കിയിട്ടുണ്ട്.

ജില്ലയിലെ ഹരിതകർമ സേനയെ ഉൾപ്പെടുത്തി കൺസോർഷ്യവും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ അംഗങ്ങൾക്ക് അധിക വരുമാനം ലക്ഷ്യമിട്ട് കൺസോർഷ്യത്തിൻറെ മേൽനോട്ടത്തിൽ സംരംഭങ്ങളും നടത്തുന്നു. മാലിന്യത്തിൽ നിന്നും വളം നിർമിക്കാൻ ആവശ്യമായ ഇനോക്കുലം വിപണനമാണ് ഒന്ന്.

കൂടാതെ ഗ്രീൻ ഈവൻറ് എന്ന പേരിൽ വിവിധ ചടങ്ങുകളിലും കൂട്ടായ്മകളിലും പ്ളാസ്റ്റിക് പേപ്പർ പാത്രങ്ങൾ കപ്പുകൾ എന്നിവ ഉപയോഗിക്കുന്നത് നിരുത്സാഹപ്പെടുത്താൻ സ്റ്റീൽ പാത്രങ്ങൾ, ഗ്ളാസുകൾ, കപ്പുകൾ എന്നിവ ആവശ്യക്കാർക്ക് വാടകയ്ക്ക് നൽകുന്നു. ഇതുവഴി പൊതുപരിപാടികൾക്ക് ഹരിത ചട്ടം പാലിക്കാനും പൊതു ഇടങ്ങൾ പ്ളാസ്റ്റിക് വിമുക്തമാക്കുന്നതിനും സാധിക്കുന്നു. ഗ്രീൻ ഈവൻറിനെ ഈവൻറ് മാനേജ്മെൻറ് എന്ന നിലയിൽ വിപുലീകരിക്കാനുള്ള ആലോചനയും പുരോഗമിക്കുകയാണ്.

ശുചിത്വപൂർണമായ പരിസരസൃഷ്ടിക്കായി പ്രവർത്തിക്കുന്ന ഹരിതകർമസേനയുടെ മനുഷ്യത്വപൂർണമായ കരുതലിനും ഏരൂർ സാക്ഷിയായി. പഞ്ചായത്തിൽ ഗുരുതര രോഗം ബാധിച്ച പത്തൊമ്പതുകാരിയുടെ ചികിത്സയ്ക്കായി 70,000 രൂപയാണ് ഹരിതകർമസേനയുടെ നേതൃത്വത്തിൽ സ്വരൂപിച്ചു നൽകിയത്.

അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ഓട്ടോമോട്ടീവ് മെക്കട്രോണിക്സ് പ്രവേശനം

തിരുവനന്തപുരം ബാർട്ടൺഹിൽ കോളജിൽ നടത്തുന്ന അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ഓട്ടോമോട്ടീവ് മെക്കട്രോണിക്സ് കോഴിസിലേക്ക് അപേക്ഷ ക്ഷണിച്ചു. മെഴ്സിഡൻസ് ബെൻസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് പൂനെയും സെന്റർ ഫോർ കണ്ടിന്യൂയിങ് എഡ്യൂക്കേഷനും സംയുക്തമായി നടത്തുന്ന കോഴ്സിന്റെ ദൈർഘ്യം ഒരു വർഷമാണ്. മെക്കാനിക്കൽ, ഓട്ടോ മൊബൈൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് വിഷയങ്ങളിൽ എൻജിനിയറിങ് ബിരുദമോ ഡിപ്ലോമയോ തത്തുല്യ യോഗ്യതയോ ഉള്ളവർക്ക് അപേക്ഷിക്കാം. മേയ് 17ന് നടത്തുന്ന എൻട്രൻസ് പരീക്ഷ ഫലത്തിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനം. ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഏപ്രിൽ 28. കൂടുതൽ വിവരങ്ങൾക്ക്: www.gecbh.ac.in, 9895955657, 9496253060.

ലഹരിക്കെതിരെ ബോധവത്കരണ കാമ്പയിൻ സംഘടിപ്പിച്ചു

എൽ.ബി.എസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വുമൺ എൻ.എസ്.എസ്. വോളന്റിയർമാർ സംഘടിപ്പിച്ച ലൈഫ് ഈസ് ബ്യൂട്ടിഫുൾ ലഹരി വിരുദ്ധ പ്രചാരണ പരിപാടിയുടെ യൂണിറ്റ് തല ഉദ്ഘാടനം ഐ.ബി സതീഷ് എം.എൽ.എ നിർവഹിച്ചു. പ്രിൻസിപ്പൽ ഡോ. എം.ബി. സ്മിതാമോൾ സ്വാഗതം ആശംസിച്ചു. സംസ്ഥാന എൻ.എസ്.എസ് ഓഫീസർ ഡോ. ആർ.എൻ. അൻസർ മുഖ്യപ്രഭാഷണവും ഡെപ്യൂട്ടി എക്സൈസ് കമ്മിഷണർ പി.എൽ. ഷിബു ലഹരിവിരുദ്ധ ബോധവൽക്കരണവും നടത്തി. കാമ്പയിനിൽ മുന്നൂറോളം വിദ്യാർഥിനികൾ പങ്കെടുത്തു. കാമ്പയിന്റെ ഭാഗമായി വോളന്റിയർമാർ പൂജപ്പുരയിൽ മനുഷ്യച്ചങ്ങല തീർത്തു.

അപേക്ഷ സമർപ്പിക്കാം

സംസ്ഥാനത്തെ സർക്കാർ ഐടിഐകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് 2024-25 അധ്യയന വർഷം പ്രൈവറ്റ് ട്രെയിനി പ്രവേശനം നേടി ഓൾ ഇന്ത്യ ട്രേഡ് ടെസ്റ്റ് എഴുതുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള നോട്ടിഫിക്കേഷൻ വ്യാവസായിക പരിശീലന വകുപ്പ് വെബ്സൈറ്റിൽ (https:det.kerala.gov.in/) പ്രസിദ്ധീകരിച്ചിട്ടുണ്ട്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഏപ്രിൽ 8 ആണ്. കൂടുതൽ വിവരങ്ങൾക്ക് നോട്ടിഫിക്കേഷൻ കാണുക.

ശാസ്താംകോട്ടയെ മാലിന്യ മുക്തമാക്കാൻ കുടുംബശ്രീയുടെ 'ഗ്രീൻ ടെക്നീഷ്യൻമാർ'

തിരുവനന്തപുരം: കൊല്ലം ജില്ലയിലെ പ്രധാന തീർത്ഥാടന വിനോദ സഞ്ചാര കേന്ദ്രമായ ശാസ്താംകോട്ടയെന്ന പഞ്ചായത്തിനെ മാലിന്യമില്ലാതെ കാത്തു സൂക്ഷിച്ചും ഹരിതാഭ നിറച്ചും ആകർഷകമാക്കുകയാണ് ഇവിടുത്തെ 'ഗ്രീൻ ടെക്നീഷ്യൻമാ'രായ ഹരിതകർമ സേനാംഗങ്ങൾ. തുടക്കത്തിൽ മാലിന്യ ശേഖരണവുമായി ബന്ധപ്പെട്ട് ഏറെ പ്രയാസങ്ങൾ നേരിട്ടെങ്കിലും ഇന്ന് 'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം' എന്ന മനോഭാവം പൊതുസമൂഹത്തിൽ ഉറപ്പിക്കാൻ ഈ ശുചിത്വ സേനയ്ക്ക് കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിൽ 19 വാർഡുകളിലായി 38 ഹരിതകർമസേനാംഗങ്ങളാണ് മാലിന്യ ശേഖരണ രംഗത്ത് പ്രവർത്തിക്കുന്നത്. ഇവർ മുഖേനയാണ് എല്ലാ വാർഡുകളിലുമുള്ള സ്ഥാപനങ്ങളിൽ നിന്നും വീടുകളിൽ നിന്നുമുള്ള വാതിൽപ്പടി മാലിന്യ ശേഖരണം. ഹരിത കർമസേനയിലെ രണ്ട് അംഗങ്ങളുടെ മേൽനോട്ടത്തിൽ ഓരോ വാർഡും ആറ് മുതൽ എട്ട് ക്ളസ്റ്ററുകളായി തിരിച്ചാണ് മാലിന്യ ശേഖരണം നടത്തുന്നത്. ഓരോ ക്ളസ്റ്ററിലും 70 മുതൽ 80 വീടുകൾ ഉൾപ്പെടും. ഒരു ദിവസം രണ്ടു വാർഡുകളുടെ മാലിന്യശേഖരണം പൂർത്തിയാക്കാൻ കഴിയുന്നതിലൂടെ പത്ത് ദിവസത്തിനുള്ളിൽ എല്ലാ വാർഡുകളിലും മാലിന്യ ശേഖരണം പൂർത്തിയാക്കാനാകും. ആദ്യമൊക്കെ 20 ശതമാനം യൂസർഫീ ലഭിച്ചിരുന്നത് ഇപ്പോൾ 70 ശതമാനമായി ഉയർന്നിട്ടുണ്ട്. തുടക്കത്തിൽ ആയിരം രൂപ മാസവേതനം ലഭിച്ചിരുന്ന അംഗങ്ങൾക്ക് ഇപ്പോൾ പ്രതിമാസം 10, 000 രൂപയ്ക്ക് മുകളിലാണ് വരുമാനം. ഇതിനു പുറമേ ജൈവ മാലിന്യ ശേഖരണത്തിലൂടെ അധിക വരുമാനവും നേടാൻ കഴിയുന്നു. വരുമാന വർധനവിനായി യൂസർഫീസ് കളക്ഷൻ നൂറ് ശതമാനമാക്കുന്നതിനുള്ള പ്രയത്നത്തിലാണ് ഈ പെൺകൂട്ടായ്മ. മാലിന്യം എടുക്കുന്നവർ എന്ന പേരിൽ നിന്നും 'ഗ്രീൻ ടെക്നീഷ്യൻമാർ' എന്ന വിശേഷണ പദം ലഭിച്ചതിനു പിന്നിലും ഹരിതകർമസേനയുടെ പ്രവർത്തന മികവുണ്ട്. പഞ്ചായത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും ഇവർ മുൻനിരയിലാണ്.. ഹരിതകർമ സേനയുടെ പ്രവർത്തനങ്ങൾക്ക് പഞ്ചായത്തിന്റെ പൂർണ പിന്തുണയുമുണ്ട്. അജൈവ മാലിന്യ ശേഖരണത്തിനായി പഞ്ചായത്ത് തലത്തിൽ 3000 ചതുരശ്ര അടിയിലുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെൻറർ (എം. സി. എഫ്) സംവിധാനവും 19 വാർഡുകളിലായി 40 മിനി എം. സി. എഫുകളും പ്രവർത്തിക്കുന്നു. അംഗങ്ങൾക്ക് യൂണിഫോം, തൊപ്പി, കോട്ട്, ട്രോളി, ഓഫീസിൽ മേശ, കസേര, അലമാര, വൈദ്യുതി കണക്ഷൻ. കുടിവെള്ള സൗകര്യം, വെള്ളം തിളപ്പിക്കാനുള്ള ഇന്ഡക്ഷൻ കുക്കർ, കെറ്റിൽ, അഗ്നി സുരക്ഷാ ഉപകരണങ്ങൾ, ട്രോളി, ബാത്ത്റൂം സൗകര്യം എന്നിവയും പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ അജൈവ മാലിന്യം ശേഖരിക്കുന്നതിന് വാഹന സൗകര്യവും ഒരുക്കിയിട്ടുണ്ട്.ഹരിതകർമ സേനയെ കൂടുതൽ കാര്യക്ഷമമാക്കാൻ ഹരിതകർമ സേനാ കൺസോർഷ്യവും രൂപീകരിച്ചിട്ടുണ്ട്. വരുമാന വർധനവിന് സംരംഭ രൂപീകരണവും പുരോഗമിക്കുകയാണ്. ഇതു കൂടാതെ 2021 ൽ പഞ്ചായത്തിൽ പ്രവർത്തനം ആരംഭിച്ച ഹരിതസഹായ സ്ഥാപനമായ ഇൻറഗ്രേറ്റഡ് റൂറൽ ടെക്നോളജി സെൻററിന്റെ(ഐ. ആർ. ടി. സി) യുടെ പിന്തുണയും ഹരിതകർമ സേനാംഗങ്ങൾക്ക് ലഭിക്കുന്നു. കുടുംബശ്രീയും ഇൻറഗ്രേറ്റഡ് റൂറൽ ടെക്നോളജി സെൻററും സംയുക്തമായി നടത്തിയ ക്യാമ്പയിനുകൾ വഴി ഹരിതകർമ സേനയുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. ഹരിതകർമ സേനയുടെ പ്രവർത്തന പുരോഗതിക്കായി 'പെൺ രാവേറ്റം' കുട്ടികൾക്കായുള്ള ബോധവൽക്കരണ ക്ളാസുകൾ, തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ച് ചേർന്ന് എ. ഡി. എസ്, സി. ഡി. എസ്തലത്തിലും സംഘടിപ്പിച്ച വിവിധ പ്രവർത്തനങ്ങൾ എന്നിവയും ഏറെ ശ്രദ്ധ നേടിയിരുന്നു.

2024-25 സാമ്പത്തിക വർഷം രജിസ്ട്രേഷൻ വകുപ്പിന് 5578.94 കോടി രൂപയുടെ വരുമാനം

രജിസ്ട്രേഷൻ വകുപ്പിന് 2024-25 സാമ്പത്തിക വർഷം പൂർത്തിയാകുമ്പോൾ 5578.94 കോടി വരുമാനം നേടാനായി. 8,70,401 ആധാരങ്ങളാണ് ഈ സാമ്പത്തികവർഷത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഈ സാമ്പത്തിക വർഷം 6382.15 കോടിയായിരുന്നു ബജറ്റ് ലക്ഷ്യം. 2023-24 സാമ്പത്തിക വർഷത്തിൽ വകുപ്പിന് 5219.34 കോടി രൂപയായിരുന്നു വരുമാനം. രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിൽ പോലും 15664 ആധാരരജിസ്ട്രേഷനുകൾ എണ്ണത്തിൽ കുറവായിട്ടും കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൾ 359.60 കോടി രൂപയുടെ അധിക വരുമാനമാണ് ലഭിച്ചിരിക്കുന്നത്. കോമ്പൌണ്ടിംഗ് സ്കീം, സെറ്റിൽമെന്റ് സ്കീം എന്നിവയിലൂടെ അണ്ടർവാല്യുവേഷൻ ഇനത്തിൽ 31 കോടി രൂപ സമാഹരിക്കാനായി.

എറണാകുളം ജില്ലയിലാണ് ഏറ്റവും അധികം വരുമാനം ലഭിച്ചിട്ടുള്ളത്, 1241. 02 കോടി രൂപ. റവന്യൂ വരുമാനത്തിൽ രണ്ടാം സ്ഥാനത്ത് തിരുവനന്തപുരം ജില്ലയാണ്, 782.32 കോടി രൂപ. വയനാട് ജില്ലയിലാണ് ഏറ്റവും കുറവ് വരുമാനം എന്നിരുന്നാലും വരുമാനലക്ഷ്യത്തിന്റെ 79.95 ശതമാനം നേട്ടം വയനാട് ജില്ലയ്ക്ക് കൈവരിക്കാനായിട്ടുണ്ട്. ഏറ്റവും കൂടുതൽ ആധാരരജിസ്ട്രേഷനുകൾ നടന്നിട്ടുള്ളത് മലപ്പുറം ജില്ലയിലാണ്-121045 എണ്ണം.നിലവിലെ രജിസ്ട്രേഷൻ നടപടികൾ ഡിജിറ്റൽ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി മികവുറ്റതാക്കുകയെന്ന ലക്ഷ്യത്തോടെയുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ആധാര രജിസ്ട്രേഷൻ നടപടികളുടെ ലഘൂകരണം, എനിവെയർ രജിസ്ട്രേഷൻ, ആധാരം ഡിജിറ്റൈസേഷൻ, ഇ സ്റ്റാമ്പിംഗ് തുടങ്ങിയ ആധുനികവൽക്കരണം, അടിസ്ഥാന സൗകര്യ വികസനത്തിലുന്നിയുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവയിലൂടെ മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്നതിനും സർക്കാരിന് മികച്ച വരുമാനം നേടിക്കൊടുക്കുന്നതിനും വകുപ്പിന് സാധിക്കുന്നു. ആധാരരജിസ്ട്രേഷൻ പുറത്തെഴുത്ത് നടപടികൾ പൂർണ്ണമായും ഡിജിറ്റലാക്കുന്ന സംവിധാനം സംസ്ഥാനതലത്തിൽ നടപ്പിലാക്കുമെന്നും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ശ്രീധന്യ സുരേഷ് അറിയിച്ചു.

മാലിന്യത്തിൽ നിന്നും വളം മുതൽ വൈദ്യുതി വരെ:

നേട്ടങ്ങളുടെ നെറുകയിൽ പെരിന്തൽമണ്ണ നഗരസഭയിലെ ഹരിതകർമസേന

തിരുവനന്തപുരം: മാലിന്നത്തിൽ നിന്നും വൈദ്യുതിയോ. അത്ഭുതം തോന്നുന്നെങ്കിൽ മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ നഗരസഭയിലെ 22ആം വാർഡിൽ പ്രവർത്തിക്കുന്ന ഹരിതകർമസേനയുടെ ഓഫീസിൽ എത്തിയാൽ മതി. ശേഖരിക്കുന്ന ജൈവമാലിന്യങ്ങളിൽ നിന്ന് വളം നിർമിച്ച് ആവശ്യക്കാർക്ക് വിപണനം ചെയ്യുന്നതോടൊപ്പം മാലിന്യത്തിൽ നിന്നും വൈദ്യുതി നിർമിച്ച് പ്ളാൻറിന്റെ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതും നേരിൽ കാണാം. ജൈവ മാലിന്യങ്ങളിൽ നിന്ന് വൈദ്യുതി നിർമിക്കുന്ന ദക്ഷിണേന്ത്യയിലെ തന്നെ ഏക തദ്ദേശ സ്വയംഭരണ സ്ഥാപനമാണ് പെരിന്തൽമണ്ണ നഗരസഭ.

മാലിന്യമുക്ത കേരളത്തിനായുള്ള പ്രവർത്തനങ്ങളുടെ മികവിൽ മുന്നേറുകയാണ് പെരിന്തൽമണ്ണ നഗരസഭയിലെ ഹരിതകർമസേന. 22ആംവാർഡിൽ നഗരസഭയ്ക്കുള്ള പതിനാല് ഏക്കർ സ്ഥലത്താണ് വിശാലമായ രീതിയിലുള്ള ഹരിതകർമസേനയുടെ പ്രവർത്തനം. ഇതിൽ 4500 ചതുരശ്ര അടിയിൽ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെൻറർ, 7000 ചതുരശ്ര അടിയിൽ റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെൻറർ, 3000 ചതുരശ്ര അടിയിൽ മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെൻറർ, 3000 ചതുരശ്ര അടിയിൽ വിൻഡ്രോ കമ്പോസ്റ്റിങ്ങ് എന്നിവയും പ്രവർത്തിക്കുന്നു.

നഗരസഭയിലുള്ള 34 വാർഡുകളെ നാല് ക്ളസ്റ്ററുകളായി തിരിച്ച് മൂന്നു പേർ വീതം ഓരോ വാർഡിലും മാലിന്യ ശേഖരണത്തിനായി ഇറങ്ങുന്നു. ഇതിനായി രണ്ടു വാഹനങ്ങളും ഇവർക്ക് സ്വന്തമായിട്ടുണ്ട്. നിലവിൽ പ്രതിദിനം അഞ്ചു മുതൽ ആറ് ടൺ വരെ അജൈവ മാലിന്യങ്ങളും നാലര മുതൽ അഞ്ചര ടൺ വരെ ജൈവമാലിന്യങ്ങളും ഇവർ ശേഖരിക്കുന്നുണ്ട്. തുടക്കത്തിൽ 26 അംഗങ്ങൾ ഉണ്ടായിരുന്ന ഹരിതകർമ സേനയിൽ ഇന്ന് 84 അംഗങ്ങളുണ്ട്. പ്രതിദിനം 550 രൂപയാണ് ഇവർക്കുള്ള വേതനം. ജില്ലയിൽ ആദ്യമായി നൂറു ശതമാനം വാതിൽപ്പടി സേവനം ഉറപ്പാക്കിയതിന്റെ ഖ്യാതിയും പെരിന്തൽമണ്ണ ഹരിതകർമ സേനയ്ക്ക് സ്വന്തം. നിശ്ചയദാർഢ്യത്തിന്റെയും കഠിനാധ്വാനത്തിന്റെയും കരുത്തിൽ 2023,2024 വർഷങ്ങളിലും ഈ പെൺകൂട്ടായ്മ ഏറ്റവും മികച്ച ഹരിതകർമസേനയായി തെരഞ്ഞെടുക്കപ്പെട്ടിരുന്നു. നഗരസഭയുടെ ശക്തമായ പിന്തുണയും ആസൂത്രണ മികവും ഇവരുടെ പ്രവർത്തനങ്ങൾക്ക് എല്ലായ്പ്പോഴും സഹായകമാകുന്നു. ഉഷാദേവി എം ആണ് ഹരിതകർമ സേനയുടെ പ്രസിഡൻറ്. സുലോചന കെ സെക്രട്ടറിയും സുചിത്ര കെ ട്രഷററുമാണ്.

പ്രതിഭാധനരായ ഭിന്നശേഷിക്കാർ നാടിന്റെ സമ്പത്ത്: മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി

ഡിഫറന്റ് ആർട് സെന്ററിലെ പ്രതിഭാധനരായ ഭിന്നശേഷിക്കാർ നാടിന്റെ സമ്പത്താണെന്ന് രജിസ്ട്രേഷൻ-പുരാവസ്തു-മ്യൂസിയം വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി. മാനുഷികതയുടെ ജീവിതം പഠിക്കാൻ ഏറ്റവും ഉചിതമായൊരിടം ഡിഫറന്റ് ആർട് സെന്ററാണെന്നും കലയും കലാകാരനുമൊക്കെ ജാതിമത ചിന്തകൾക്കപ്പുറമാണെന്നും മന്ത്രി പറഞ്ഞു. ലോക ഓട്ടിസം അവബോധ ദിനാചരണത്തിന്റെ ഭാഗമായി ഡിഫറന്റ് ആർട് സെന്ററിൽ ആരംഭിച്ച ഓട്ടിസം കുട്ടികളുടെ ബാൻഡിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

പാട്ടുകൾപാടിയും ക്യാരിക്കേച്ചർ വരച്ചു നൽകിയും മന്ത്രി കുട്ടികളെ സന്തോഷിപ്പിച്ചു. ഗൗതം ഷീൻ മന്ത്രിയുടെ ഛായാചിത്രം വരച്ച് നൽകി. ചലച്ചിത്രതാരം മോഹൻ അയിരൂർ, ഡിഫറന്റ് ആർട് സെന്റർ എക്സിക്യൂട്ടീവ് ഡയറക്ടർ ഗോപിനാഥ് മുതുകാട്, ഇന്റർവെൻഷൻ ഡയറക്ടർ ഡോ.അനിൽ നായർ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു. പുതുതായി രൂപീകരിച്ച ഡി.ബാൻഡിന്റെ പ്രകടനവും അരങ്ങേറി. ക്രിസ്റ്റീൻ റോസ് ടോജോ, മുഹമ്മദ് റബീ, അഭിജിത്ത്.പി, നിഖില എസ്.എസ്, അഖിലേഷ്, ജോൺ ജോസ്, അശ്വിൻ ഷിബു, ശിവ നന്ദു, അലൻ മൈക്കിൾ, പിയൂഷ് രാജ്, മാനവ്. പി.എം എന്നിവരാണ് ഡി.ബാൻഡിന് നേതൃത്വം നൽകുന്നത്.

നിയമനം

മത്സ്യഫെഡ് തിരുവനന്തപുരം ജില്ലാ ഓഫീസിന് കീഴിലെ വിഴിഞ്ഞം ഒ.ബി.എം സർവീസ് സെന്ററിൽ നിലവിലുള്ള ഒരു ഒഴിവിൽ മെക്കനിക്കിനെ നിയമിക്കുന്നതിനായി യോഗ്യതയും തൊഴിൽ പരിചയവുമുള്ള ഉദ്യോഗാർഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു.

ഐ.ടി.ഐയും (ഫിറ്റർ, ഇലക്ട്രിക്കൽ, മെഷിനിസ്റ്റ് ട്രേഡുകളിൽ) ഒ.ബി.എം സർവീസിംഗിൽ മൂന്ന് വർഷത്തെ പ്രവർത്തി പരിചയവുമാണ് യോഗ്യത. നിർദ്ദിഷ്ട വിദ്യാഭ്യാസ യോഗ്യതയില്ലാത്തവർ ആണെങ്കിൽ ഒ.ബി.എം സർവീസിംഗിൽ കുറഞ്ഞത് 10 വർഷത്തെ പ്രവർത്തി പരിചയം, ഹൈഡ്രോളിക് പ്രസ്സിങ്ങ് മെഷീൻ ഉപയോഗിച്ച് എഞ്ചിന്റെ ക്രാങ്ക് സെറ്റ് ചെയ്യുന്നതിനുള്ള പ്രാവീണ്യം എന്നിവ വേണം. ഉദ്യോഗാർഥികൾ അപേക്ഷകൾ അസൽ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ഏപ്രിൽ 10ന് വൈകിട്ട് 4ന് മുമ്പായി മത്സ്യഫെഡിന്റെ തിരുവനന്തുപരം ജില്ലാ ഓഫീസിൽ ജില്ലാ മാനേജർക്ക് നേരിട്ടോ തപാൽ മുഖേനയോ താഴെ പറയുന്ന വിലാസത്തിൽ ഹാജരാക്കണം. വിലാസം: ജില്ലാ മാനേജർ, മത്സ്യഫെഡ് ജില്ലാ ഓഫീസ്, മത്സ്യഫെഡ് നെറ്റ് ഫാക്ടറി ബിൽഡിംഗ്, മുട്ടത്തറ, വള്ളക്കടവ് പി.ഒ, തിരുവനന്തപുരം- 695008, ഫോൺ: 8590887012.

അഭിമുഖം

തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജിൽ താൽക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ അലോപ്പതി ഫാർമസിസ്റ്റ് തസ്തികയിൽ ഒരു ഒഴിവുണ്ട്. ഹയർസെക്കൻഡറി, ഡി.ഫാം/ ബി.ഫാം യോഗ്യതയും ഫാർമസി കൗൺസിൽ രജിസ്ട്രേഷനുമുള്ള ഉദ്യോഗാർഥികൾ വയസ്, യോഗ്യത പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളും പകർപ്പുകളും സഹിതം ഏപ്രിൽ 10 ന് രാവിലെ 11 മണിക്ക് ആശുപത്രി സൂപ്രണ്ടിന്റെ ഓഫീസിൽ ഹാജരാകണം.

ഗ്യാസ് സിലിണ്ടർ പൊട്ടിത്തെറിച്ചു; വീട് കത്തിനശിച്ചു

കൊച്ചി: ഗ്യാസ് സിലിണ്ടർ പൊട്ടിത്തെറിച്ചുണ്ടായ അപകടത്തിൽ വീട് കത്തിനശിച്ചു. തിങ്കളാഴ്ച രാത്രി 10. 15നുണ്ടായ അപകടത്തിൽ എറണാകുളം മരട് തുരുത്തി ക്ഷേത്രത്തിന് സമീപത്തെ തുരുത്തിപ്പിള്ളിയിൽ ഷീബ ഉണ്ണിയുടെ വീടാണ് കത്തിനശിച്ചത്. ഷീബ ഭക്ഷണം പാകം ചെയ്യുന്നതിനിടെ ഫോണിൽ സംസാരിച്ച് പുറത്തേക്കു പോയസമയത്തായിരുന്നു അപകടം. തീയണക്കാൻ ശ്രമിച്ച സമീപവാസി സജീവന് പൊള്ളലേറ്റു. ഇയാളെ വൈറ്റിലയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

പത്തനംതിട്ടയിൽ ഓടിക്കൊണ്ടിരുന്ന ട്രെയിലറിന്റെ ടയറിന് തീപിടിച്ചു

പത്തനംതിട്ട: പത്തനംതിട്ട-മൈലപ്ര റോഡിൽ ഓടിക്കൊണ്ടിരുന്ന ട്രെയിലറിന്റെ ടയറിന് തീപിടിച്ചു. പത്തനംതിട്ടയിൽ നിന്നും ചിറ്റാർ ഭാഗത്തേക്ക് പോവുകയായിരുന്ന ട്രെയിലറിനാണ് തീ പിടിച്ചത്. മൈലപ്ര പെട്രോൾ പമ്പിനുസമീപത്തുവച്ച് ഇന്ന് ഉച്ചയോടെയായിരുന്നു സംഭവം. പുറകിലെ ടയർ വലിയ ശബ്ദത്തോടെ പൊട്ടുകയും തീപിടിക്കുകയായിരുന്നു. ഉടൻ തന്നെ നാട്ടുകാർ തീയണയ്ക്കാൻ ശ്രമിച്ചെങ്കിലും നിയന്ത്രണ വിധേയമായില്ല. പിന്നീട് പത്തനംതിട്ടയിൽ നിന്നും അഗ്നിരക്ഷാ സേന എത്തിയാണ് തീ അണച്ചത്.

പെരുമ്പാവൂരിൽ യുവാവിന്റെ മൃതദേഹം അഴുകിയ നിലയിൽ

കൊച്ചി: പെരുമ്പാവൂരിൽ യുവാവിന്റെ മൃതദേഹം അഴുകിയ നിലയിൽ കണ്ടെത്തി. എംസി റോഡിലെ സൺഡേ സ്കൂൾ കെട്ടിടത്തിന് സമീപമാണ് മൃതദേഹം കണ്ടെത്തിയത്. മൃതദേഹത്തിന് ചുറ്റും ലഹരി വസ്തുക്കളുടെ കുപ്പികളും കണ്ടെത്തിയിട്ടുണ്ട്. അതിഥി തൊഴിലാളിയുടെ മൃതദേഹമാണെന്നാണ് സംശയം. അഴുകിത്തുടങ്ങിയ നിലയിലായിരുന്നു മൃതദേഹം. ദുർഗന്ധം അനുഭവപ്പെട്ടതിനെ തുടർന്ന് പ്രദേശവാസികൾ മുകളിൽ കയറി നോക്കിയപ്പോഴാണ് മൃതദേഹം കണ്ടത്. പെരുമ്പാവൂർ പോലീസ് നടപടികൾ പൂർത്തീകരിച്ച് മൃതദേഹം താലൂക്ക് ആശുപത്രി മോർച്ചറിയിലേക്ക് മാറ്റി.

സാമ്പത്തിക ക്രമക്കേട്; മറീൻ പെന്നിന് തടവും പിഴയും

പാരിസ്: സാമ്പത്തിക ക്രമക്കേട് കേസിൽ ഫ്രാൻസിലെ തീവ്രവലതുപക്ഷ നേതാവ് മറീൻ ലെ പെന്നിന് കോടതി തടവും പിഴയും ശിക്ഷിച്ചു. പൊതു തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ നിന്ന് അഞ്ചുവർഷത്തേക്ക് വിലക്ക് ഏർപ്പെടുത്തിയതോടെ മറീന്റെ പ്രസിഡൻറ് മോഹത്തിന് കനത്ത തിരിച്ചടിയായി. മറീനും അവരുടെ പാർട്ടിയായ നാഷണൽ റാലി പാർട്ടിയും 24 ഓളം നേതാക്കളും ചേർന്ന് യൂറോപ്യൻ യൂണിയന്റെ ഭാഗമായ യൂറോപ്യൻ പാർലമെൻറിന്റെ 4.44 മില്യൻ ഡോളർ വകമാറ്റി ചെലവഴിച്ചു എന്നാണ് കേസ്. 2004 മുതൽ 2016 വരെ യൂറോപ്യൻ യൂണിയൻ പാർലമെൻറ് അസിസ്റ്റൻറുമാർക്ക് നൽകേണ്ട പണം വകമാറ്റി പാർട്ടി പ്രവർത്തനത്തിന് ചെലവാക്കിയെന്നാണ് കണ്ടെത്തൽ. 2004 മുതൽ 2017 വരെ യൂറോപ്യൻ പാർലമെൻറ് അംഗമായിരുന്നു മറീൻ. നാലുവർഷത്തെ തടവുശിക്ഷയിൽ രണ്ടുവർഷം കോടതി ഇളവുചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന രണ്ടുവർഷത്തെ ശിക്ഷ, ജയിലിന് പുറത്ത് ഇലക്ട്രോണിക് ബ്രേസ്‌ലറ്റ് ധരിച്ച് അനുഭവിച്ചാൽ മതിയാകും. ഒരുലക്ഷം യൂറോ (ഏകദേശം 92 ലക്ഷം രൂപ) പിഴയുമൊടുക്കണം. മേൽക്കോടതിയിൽ നിന്ന് അനുകൂല വിധി ലഭിക്കാത്തപക്ഷം മറീന് പ്രസിഡൻറ് തെരഞ്ഞെടുപ്പിൽ മത്സരിക്കാനാകില്ല.

പൊട്ടിയ ഗ്ലാസുമായി സർവീസ്; കെഎസ്ആർടിസിക്ക് പിഴയിട്ട് എംവിഡി

പത്തനംതിട്ട: പൊട്ടിയ ഗ്ലാസുമായി സർവീസ് നടത്തിയ കെഎസ്ആർടിസി ബസിന് പിഴയിട്ട് എംവിഡി. പത്തനംതിട്ട മല്ലപ്പള്ളി മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥരാണ് നടപടിയെടുത്തത്. തിരുവല്ല ഡിപ്പോയിലെ കെഎസ്ആർടിസി ഓർഡിനറി ബസിന്റെ മുൻഭാഗത്തെ ഗ്ലാസ് പൊട്ടിയ നിലയിലായിരുന്നു. പൊട്ടിയ ഗ്ലാസുമായി സർവീസ് നടത്തിയതിനാണ് 250 രൂപ പിഴ അടയ്ക്കാൻ നോട്ടീസ് നൽകിയത്. കെഎസ്ആർടിസി ഇതുവരെ പിഴ അടച്ചിട്ടില്ല. കെഎസ്ആർടിസി എംഡിയുടെ പേരിലാണ് നോട്ടീസ്. ഗ്ലാസ് മാറ്റിയെന്ന് കെഎസ്ആർടിസി അറിയിച്ചു.

നടപടി വന്നതിന്റെ അടുത്ത ദിവസം തന്നെ മുൻവശത്തെ ഗ്ലാസ് മാറ്റിയെന്നാണ് തിരുവല്ല കെഎസ്ആർടിസി അധികൃതർ അറിയിച്ചത്. ഈ മാസം 19 മുതൽ ബസുകളിൽ പ്രത്യേക പരിശോധന എംവിഡി നടത്തുന്നുണ്ട്.

തൃശൂരിൽ വൻ മോഷണം; 25 ലക്ഷം രൂപയുടെ ഫോണുകൾ കവർന്നു

തൃശൂർ: തലോറിൽ മൊബൈൽ ഷോപ്പിൽ മോഷണം. തലോർ സ്വദേശി ഏർണസ്റ്റിന്റെ കടയിൽ ഇന്ന് പുലർച്ചെയാണ് മോഷണം നടന്നത്. 25 ലക്ഷം രൂപയുടെ നഷ്ടമുണ്ടായതായി ഉടമ പറഞ്ഞു. കീപാഡ് ഫോൺ ഒഴിച്ച് മറ്റെല്ലാ ഫോണുകളും മോഷ്ടാക്കൾ കവർന്നു. ഏർണസ്റ്റിന്റെ പരാതിയിൽ പുതുക്കാട് പോലീസ് അന്വേഷണം ആരംഭിച്ചു. വെള്ള സ്വിഫ്റ്റ് കാറിലെത്തിയ രണ്ടുപേരാണ് മോഷണം നടത്തിയത്.

ഇവരെ തിരിച്ചറിയാനായിട്ടില്ല. കാർ കേന്ദ്രീകരിച്ചുള്ള അന്വേഷണമാണ് നിലവിൽ പൊലീസ് നടത്തുന്നത്. ഷോപ്പിന്റെ ഷട്ടർ ഗ്യാസ് കട്ടർ ഉപയോഗിച്ച് തകർത്ത ശേഷം അകത്തേക്ക് കടക്കുകയായിരുന്നു. ക്യാഷ് കൗണ്ടറിലുണ്ടായിരുന്ന പണവും സ്പീക്കർ അടക്കമുള്ള മറ്റു മൊബൈൽ ആക്സസറീസും പ്രതികൾ മോഷ്ടിച്ചു. കഞ്ചാവ് കേസിലെ പ്രതിയെ പിടികൂടുന്നതിനിടെ ആക്രമണം; എക്സൈസ് ഉദ്യോഗസ്ഥർക്ക് പരിക്ക്

മോക്ക് ഡ്രിൽ 11ന്

ദേശിയ ദുരന്ത നിവാരണ അതോറിറ്റിയും കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും സംയുക്തമായി ചുഴലിക്കാറ്റിന്റെയും അനുബന്ധ ദുരന്തങ്ങളുടെയും തയ്യാറെടുപ്പുകൾ വിലയിരുത്തുന്നതിനായി ഏപ്രിൽ 11 ന് മോക്ക് ഡ്രിൽ സംഘടിപ്പിക്കും.എറണാകുളം ഒഴികെയുള്ള ജില്ലകളിൽ തിരഞ്ഞെടുക്കപ്പെട്ട 26 സ്ഥലങ്ങളിൽ ഒരേ സമയമാണ് മോക്ക് ഡ്രിൽ സംഘടിപ്പിക്കുന്നത്. ദുരന്ത പ്രതികരണ തയ്യാറെടുപ്പിൽ നിർണായകമായ മോക്ക് ഡ്രിൽ എക്സർസൈസുകളിലൂടെ ഓരോ സംവിധാനങ്ങളും എത്രത്തോളം സജ്ജമാണെന്ന് പരിശോധിക്കും. പോരായ്മകളും കൂടുതൽ മെച്ചപ്പെടുത്താൻ ആവശ്യമായ നടപടികളും വിലയിരുത്തും. സംസ്ഥാന സർക്കാരിന്റെ നിലവിലെ ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണ് മോക്ക് ഡ്രില്ലുകൾ സംഘടിപ്പിക്കുന്നത്.

ഉഷ്ണതരംഗം: ഉരുക്കൾ നഷ്ടപ്പെട്ട കർഷകർക്ക് നഷ്ടപരിഹാരം അനുവദിയ്ക്കും- മന്ത്രി ജെ. ചിഞ്ചു റാണി

ഉഷ്ണതരംഗം മൂലം ഉരുക്കൾ നഷ്ടപ്പെട്ട കർഷകർക്ക് നഷ്ടപരിഹാരം ഉടൻ വിതരണം ചെയ്യാൻ മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചു റാണി നിർദേശം നൽകി. സംസ്ഥാനം ഒട്ടാകെ വേനൽ കടുക്കുന്ന സാഹചര്യത്തിൽ മൃഗസംരക്ഷണ-ക്ഷീരവികസന മേഖലയിലെ ഓൺലൈനായി കൂടിയ ഉന്നതതല ഉദ്യോഗസ്ഥരുടെ അവലോകന യോഗത്തിൽ സംസാരിയ്ക്കുകയായിരുന്നു മന്ത്രി.

മൃഗസംരക്ഷണ വകുപ്പിലെ ജില്ലാ മൃഗസംരക്ഷണ ഓഫീസർമാരും ക്ഷീരവികസന വകുപ്പിലെ ജില്ലാതല ഓഫീസർമാരും മിൽമയുടെ മൂന്നു മേഖലകളിലെയും ചെയർമാന്മാരും യോഗത്തിൽ പങ്കെടുക്കുകയും വിവിധ ജില്ലകളിലെ സാഹചര്യം വിശദീകരിയ്ക്കുകയും ചെയ്തു. ഉഷ്ണതരംഗം മൂലം വിവിധ ജില്ലകളിൽ കന്നുകാലികളുടെ മരണം റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ അവിടങ്ങളിൽ നിന്നും പോസ്റ്റ് മോർട്ടം ഉൾപ്പെടയുള്ള രേഖകൾ അടിയന്തിരമായി ക്രോഡീകരിച്ചു കർഷകർക്ക് നഷ്ടപരിഹാരം ഉടൻ തന്നെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ മന്ത്രി നിർദേശിച്ചു. 2023-24 സാമ്പത്തിക വർഷത്തിൽ മിൽമ തിരുവനന്തപുരം മേഖല യൂണിയന്റെ നേതൃത്വത്തിൽ ഉഷ്ണകാലത്തു പ്രത്യേകമായി നടപ്പിലാക്കിയ വേനൽക്കാല ഇൻഷുറൻസ് പദ്ധതി വഴി 34000 ഓളം കന്നുകാലികളെ ഇൻഷുറൻസ് പരിധിയിൽ ഉൾപ്പെടുത്താൻ സാധിച്ചുവെന്നും അത് വഴി 1.18 കോടി രൂപയുടെ നഷ്ടപരിഹാരം വിതരണം ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. സമാന രീതിയിൽ 2024 -25 വർഷത്തിൽ 36000 ഓളം കന്നുകാലികൾക്ക് വേനൽക്കാല ഇഷുറൻസ് പരിരക്ഷ ഉറപ്പു വരുത്തിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. കൂടാതെ മിൽമ മലബാർ മേഖല വഴി 2023-24 വർഷത്തിൽ 38588 പശുക്കളെയും,2024 -25 വർഷത്തിൽ 40668 പശുക്കൾക്ക് വേനൽക്കാല ഇഷുറൻസ് പരിരക്ഷ ഉറപ്പാക്കുകയും 1.62 കോടി രൂപയുടെ നഷ്ടപരിഹാരം വിതരണം ചെയ്യാൻ കഴിഞ്ഞുവെന്നും മന്ത്രി കൂട്ടിച്ചേർത്തു.മിൽമ എറണാകുളം മേഖല വഴി 25000 കന്നുകാലികളെ വേനൽക്കാല ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുകയും 45 ലക്ഷം രൂപ നഷ്ടപരിഹാര ഇനത്തിൽ വിതരണം ചെയ്യുവാൻ കഴിഞ്ഞെന്നും മന്ത്രി അറിയിച്ചു. വിവരാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി മൃഗസംരക്ഷണ വകുപ്പ് മുഖേന ക്ഷീര കർഷകർക്ക് അവരുടെ പ്രദേശങ്ങളിലെ താപനില സംബന്ധിച്ച മുന്നറിയിപ്പുകൾ എസ് എം എസ്സിലൂടെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്കു മന്ത്രി നിർദേശം നൽകി. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ആസിഫ് കെ യൂസഫ്, ക്ഷീര വികസന വകുപ്പ് ഡയറക്ടർ ശാലിനി ഗോപിനാഥ് എന്നിവർ ഉദ്യോഗസ്ഥ തലത്തിൽ സ്വീകരിക്കേണ്ട നടപടികളെ കുറിച്ച് വിശദമായി സംസാരിച്ചു.

വിവിധ ജില്ലകളിൽ കന്നുകാലികൾ ചൂടിന്റെ കാഠിന്യം മൂലം മരണപ്പെട്ടതായി ഉദ്യോഗസ്ഥർ അറിയിച്ചു. രാവിലെ 11 മണി മുതൽ മൂന്ന് മണി വരെയുള്ള സമയങ്ങളിൽ കന്നുകാലികളെ മേയാൻ വിടുന്നത് സൂര്യഘാതത്തിന് ഇടയാക്കും എന്ന് മന്ത്രി അറിയിച്ചു. ഉഷ്ണ തരംഗം റിപ്പോർട്ട് ചെയ്തിട്ടുള്ളതും ജല ദൗർലഭ്യം അനുഭവപ്പെടുന്നതുമായ ക്ഷീര കർഷക മേഖലകളിൽ ജില്ലാ ഓഫീസർമാർ കളക്ടർമാരുമായി നേരിട്ട് ബന്ധപ്പെട്ട് കന്നുകാലികൾക്ക് ജലലഭ്യത ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് മന്ത്രി നിർദ്ദേശിച്ചു.

ജില്ലകളിൽ നിന്നും 31-3-2025 വരെ ലഭ്യമായ കണക്കുകൾ പ്രകാരം സംസ്ഥാനത്തു ഉഷ്ണതാപം മൂലം 106 പശുക്കളും 12 എരുമകളും 8 ആടുകളും മരണപ്പെട്ടിട്ടുണ്ട്.

കടുത്ത വേനലിനെ പ്രതിരോധിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിൽ നിന്നുള്ള താഴെപ്പറയുന്ന ജാഗ്രത നിർദ്ദേശങ്ങൾ കർഷകർ പാലിക്കണമെന്നും മന്ത്രി നിർദേശിച്ചു.

തൊഴുത്തിൽ വായുസഞ്ചാരം ഉറപ്പാക്കണം. ഫാൻ സജ്ജീകരിക്കുന്നതു തൊഴുത്തിലെ ചൂട് കുറയ്ക്കാൻ സഹകരമാവും.

മേൽക്കൂരയ്ക്ക് മുകളിൽ പച്ചക്കറി പന്തൽ / തുള്ളി നന/ സ്പ്രിങ്ക്ളർ / നനച്ച ചാക്കിടുന്നത് ഉത്തമം.

സൂര്യഘാതം ഏറ്റവും കൂടുതൽ സംഭവിക്കാൻ സാധ്യതയുള്ള രാവിലെ 11 മണി മുതൽ വൈകിട്ട് 4 മണി വരെ പൊള്ളുന്ന വെയിലിൽ തുറസ്സായ മേയാൻ വിടുന്നത് ഒഴിവാക്കുക. ആയതിനാൽ 11 മണിക്ക് മുൻപും 4 മണിക്ക് ശേഷവും മാത്രം പശുക്കളെ മേയാൻ വിടുക.

ശുദ്ധമായ തണുത്ത കുടിവെള്ളം ദിവസത്തിൽ എല്ലാ സമയവും ലഭ്യമായിരിക്കണം (കറവപശുക്കൾക്ക് 80- 100 ലിറ്റർ വെള്ളം / ദിവസം)

ധാരാളം പച്ചപ്പുല്ല് തീറ്റയായി ലഭ്യമാക്കണം.

മികച്ച ഖരാഹാരം അഥവാ കാലിത്തീറ്റ രാവിലെയും വൈകിട്ടുമായും വൈക്കോൽ രാത്രിയിലുമായി പരിമിതപ്പെടുത്തുക.

ചൂട് കുറഞ്ഞ രാവിലെയും വൈകീട്ടും മാത്രം കന്നുകാലികളെ നനയ്ക്കാൻ ശ്രദ്ധിക്കുക.

കനത്ത ചൂട് മൂലം കന്നുകാലികളിൽ കൂടുതൽ ഉമിനീർ നഷ്ടപ്പെടുന്നതിനാൽ ദഹനക്കേടും വയറിളക്കവും ഉണ്ടാകാൻ സാധ്യതയുണ്ട്. ആയതിനാൽ ധാതുലവണ മിശ്രിതം, അപ്പക്കാരം, വിറ്റാമിൻ എ, ഉപ്പ്, പ്രോബയോട്ടിക്സ് എന്നിവ ഒരു ഡോക്ടറുടെ നിർദ്ദേശപ്രകാരം കറവപ്പശുക്കളുടെ തീറ്റയിൽ ഉൾപ്പെടുത്തേണ്ടതാണ്.

വേനൽ ചൂട് മൃഗങ്ങളുടെ ശരീര സമ്മർദ്ദം കൂട്ടുകയും പ്രതിരോധശേഷി കുറയ്ക്കുകയും ചെയ്യുന്നു. ചൂടുകാലത്തു ബാഹ്യ പരാദങ്ങളായ പട്ടുണ്ണി, ചെള്ള്, പേൻ, ഈച്ച തുടങ്ങിയവ പെറ്റുപെരുകുന്ന സമയമായതിനാൽ അവ പരത്തുന്ന മാരകരോഗങ്ങളായ തൈലേറിയാസിസ്, അനാപ്ലാസ്മോസിസ്, ബബീസിയോസിസ് എന്നിവ കൂടുതലായി കണ്ടു വരുന്നു. ആയതിനാൽ ചൂട് കാലത്തു ഇത്തരം ബാഹ്യപരാദങ്ങളെ നിയന്ത്രിക്കുന്നതിനുള്ള മുൻകരുതൽ കൂടി കർഷകർ സ്വീകരിക്കണം.

ബാക്ടീരിയ പരത്തുന്ന അകിടുവീക്കം വേനൽക്കാലത്തു സാധാരണ കണ്ടുവരുന്ന അസുഖമാണ്. ആയതു നിയന്ത്രിക്കുന്നതിന് കറവയുള്ള മൃഗങ്ങളുടെ അകിടിൽ നിന്നും പാൽ പൂർണമായി കറന്ന് ഒഴിവാക്കേണ്ടതും ചൂട് കുറഞ്ഞ രാവിലെയും വൈകീട്ടുമായ് കറവ ക്രമീകരിക്കേണ്ടതുമാണ്.

കൃഷിപ്പണിക്കുപയോഗിക്കുന്ന കന്നുകാലികളെ രാവിലെ 11 മണി മുതൽ വൈകീട്ട് 4 മണി വരെയുള്ള ചൂട് കൂടിയ സമയങ്ങളിൽ കൃഷിപ്പണിക്കായി നിയോഗിക്കരുത്.

പ്രാദേശികമായി പുറപ്പെടുവിക്കുന്ന കാലാവസ്ഥ മുന്നറിയിപ്പുകൾ പാലിക്കുകയും മുൻകരുതലുകൾ സ്വീകരിക്കേണ്ടതുമാണ്.

സൂര്യാഘാതം-ലക്ഷണങ്ങൾ

തളർച്ച, ഭക്ഷണം വേണ്ടായ്ക, പനി, വായിൽ നിന്നും നുരയും പതയും വരിക , വായ തുറന്ന ശ്വസനം, പൊള്ളിയ പാടുകൾ എന്നിവ ശ്രദ്ധയിൽ പെട്ടാൽ ഉടൻ തന്നെ വിദഗ്ദ്ധ ചികിത്സ തേടേണ്ടതാണ്.

സൂര്യാഘാതമേറ്റാൽ ആദ്യം ചെയ്യേണ്ടത്

തണുത്ത വെള്ളം തുണിയിൽ മുക്കി ശരീരം നന്നായി തുടയ്ക്കുക.

കുടിക്കാൻ ധാരാളം വെള്ളം നൽകുക

നോയിഡയിൽ ഫാക്ടറിയിൽ വൻ തീപിടിത്തം

ലക്നോ: ഉത്തർപ്രദേശിലെ നോയിഡയിൽ വൻ തീപിടിത്തം. സൂരജ്പൂരിൽ ഒരു പ്ലാസ്റ്റിക് ഫാക്ടറിയിലാണ് തീപിടിത്തമുണ്ടായത്. പതിനഞ്ച് തൊഴിലാളികൾ അകത്ത് കുടുങ്ങിക്കിടക്കുന്നതായാണ് സംശയം. അഗ്നിരക്ഷാ സേന സ്ഥലത്തെത്തി തീയണയ്ക്കാൻ ശ്രമിച്ചുവരികയാണ്. തീപിടിത്തത്തിൽ ഇതുവരെ ആളപായമൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. തീപിടിത്തത്തിന്റെ കാരണം വ്യക്തമല്ല. ഏഴ് വയസുകാരി കഴുത്തറത്ത് കൊല്ലപ്പെട്ട നിലയിൽ; പിതാവ് ഒളിവിൽ

ഗുജറാത്തിൽ പരിശീലന വിമാനം തകർന്ന് വീണ് വനിതാ ട്രെയിനി പൈലറ്റിന് പരിക്ക്

അഹമ്മദാബാദ്: ഗുജറാത്തിലെ മെഹ്സാന ജില്ലയിൽ സ്വകാര്യ ഏവിയേഷൻ അക്കാദമിയുടെ പരിശീലന വിമാനം തകർന്നുവീണ് വനിതാ ട്രെയിനി പൈലറ്റിന് പരിക്ക്. മെഹ്സാന പട്ടണത്തിനടുത്തുള്ള ഉച്ചാർപി ഗ്രാമത്തിലെ തുറസായ സ്ഥലത്താണ് ഒറ്റ എഞ്ചിൻ വിമാനം ഇടിച്ചിറക്കിയത്. അപകടകാരണം ചില വിമാനത്തിന്റെ സാങ്കേതിക തകരാറാണെന്ന് മെഹ്സാന താലൂക്ക് പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ ഡി. ജി. ബദ്വ പറഞ്ഞു.

അപകടത്തിൽ ട്രെയിനി പൈലറ്റിന് നിസാര പരിക്കേറ്റു. അവർ ആശുപത്രിയിൽ ചികിത്സയിലാണ്. സംഭവത്തെക്കുറിച്ചുള്ള കൂടുതൽ അന്വേഷണത്തിന്റെ ഭാഗമായി വിമാനത്താവളത്തെയും വ്യോമയാന അധികൃതരെയും അപകടത്തെക്കുറിച്ച് അറിയിച്ചതായി ബദ്വ കൂട്ടിച്ചേർത്തു.

ജാർഖണ്ഡിൽ ചരക്ക് ട്രെയിനുകൾ കൂട്ടിയിടിച്ചു; രണ്ട് പേർ മരിച്ചു; നാല് പേർക്ക് പരിക്ക്

റാഞ്ചി: ജാർഖണ്ഡിൽ ചരക്ക് ട്രെയിനുകൾ കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ രണ്ട് പേർ മരിച്ചു. ലോക്കോ പൈലറ്റുമാരാണ് മരിച്ചത്. അപകടത്തിൽ നാല് പേർക്ക് പരിക്കുണ്ട്. ഇവരുടെ നില ഗുരുതരമാണെന്നാണ് വിവരം. ഇന്ന് പുലർച്ചെ മൂന്നോടെ ജാർഖണ്ഡിലെ സാഹേബ്ജൻജ് ജില്ലയിലാണ് സംഭവം. ഊർജകമ്പനിയായ എൻപിടിസിയിലേക്ക് കൽക്കരി കൊണ്ടുപോകാനും മറ്റും ഉപയോഗിക്കുന്ന ട്രാക്കിലാണ് അപകടമുണ്ടായത്. എൻപിടിസിയുടെ തന്നെ സർവീസ് നടത്തുന്ന ട്രെയിനുകളാണ് അപകടത്തിൽപ്പെട്ടത്. അതുകൊണ്ട് അപകടത്തിന് ഇന്ത്യൻ റെയിൽവേയുമായി ബന്ധമില്ലെന്നാണ് അധികൃതരുടെ വിശദീകരണം.

ഡൽഹിയിൽ വൻ ലഹരിമരുന്ന് വേട്ട; 27 കോടിയുടെ എംഡിഎംഎയും കൊക്കെയ്നും പിടികൂടി

ന്യൂഡൽഹി: രാജ്യതലസ്ഥാനത്ത് വൻ ലഹരിമരുന്നുവേട്ട. 27.4 കോടിരൂപ വിലമതിക്കുന്ന മെത്താംഫെറ്റാമൈൻ, എംഡിഎംഎ, കൊക്കെയ്ൻ എന്നിവയാണ് പിടികൂടിയത്. ഇതുമായി ബന്ധപ്പെട്ട് അഞ്ചുപേരെ അറസ്റ്റ് ചെയ്തതായി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ അറിയിച്ചു. നർകോട്ടിക് കൺട്രോൾ ബ്യൂറോ(എൻസിബി)യും ഡൽഹി പോലീസും ചേർന്ന് നടത്തിയ സംയുക്ത നീക്കത്തിലാണ് കൊക്കെയ്ൻ പിടികൂടിയത്. ഡൽഹിയിലെ ഛത്തർപുർ മേഖലയിൽ മെത്താംഫെറ്റമൈൻ ഇടപാട് നടക്കാൻ പോകുന്നെന്ന വിവരം ലഭിച്ചതിന് പിന്നാലെ എൻസിബി-ഡൽഹി പോലീസ് സംഘം നിരീക്ഷണം ശക്തമാക്കുകയായിരുന്നു. തുടർന്ന് നടത്തിയ പരിശോധനയിൽ 10.2 കോടി വിലമതിക്കുന്ന 5.103 കിലോഗ്രാം മെത്താംഫെറ്റാമൈനുമായി ഒരു വാഹനം പിടികൂടി. വാഹനത്തിലുണ്ടായിരുന്ന അഞ്ചുപേരെ അറസ്റ്റ് ചെയ്തു. അറസ്റ്റിലായവരിൽ നാലുപേർ ആഫ്രിക്കൻ പൗരന്മാരാണ്. ഇവരിൽനിന്ന് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ പടിഞ്ഞാറൻ ഡൽഹിയിലെ തിലക് നഗർ മേഖലയിലെ ഒരിടത്തുനിന്നാണ് മയക്കുമരുന്ന് ലഭിച്ചതെന്ന് കണ്ടെത്തി. ഇവിടെ നടത്തിയ പരിശോധനയിൽ 1.156 കിലോഗ്രാം മെത്താംഫെറ്റാമൈനും 4.142 കിലോഗ്രാം അഫ്ഗാൻ ഹെറോയിനും 5.776 എംഡിഎഎയും പിടികൂടി. ഇവയ്ക്ക് ഏകദേശം 16.4 കോടിരൂപ വിലമതിക്കുമെന്നാണ് വിവരം.

ഇതിന് പിന്നാലെ ഗ്രേറ്റർ നോയ്ഡയിലെ ഒരു വാടക അപ്പാർട്മെൻറിൽ നടത്തിയ പരിശോധനയിൽ 389 ഗ്രാം അഫ്ഗാൻ ഹെറോയിനും 26 ഗ്രാം കൊക്കെയ്നും പിടിച്ചെടുത്തു. നടപടിയിൽ എൻസിബിയെയും ഡൽഹി പോലീസിനെയും അമിത് ഷാ അഭിനന്ദിച്ചു.

നിത്യാനന്ദയ്ക്ക് സ്വാമി മരിച്ചെന്നും ഇല്ലെന്നും റിപ്പോർട്ടുകൾ

ചെന്നൈ: സ്വയംപ്രഖ്യാപിത ആൾദൈവവും വിവാദനായകനുമായ നിത്യാനന്ദ മരിച്ചെന്ന് അഭ്യൂഹം. സ്വാമി ജീവത്യാഗം ചെയ്തെന്നു നിത്യാനന്ദയുടെ സഹോദരിയുടെ മകനും ശിഷ്യനുമായ സുന്ദരേശ്വരൻ അറിയിച്ചതാണ് അഭ്യൂഹത്തിന് ഇടയാക്കിയിരിക്കുന്നത്. നിത്യാനന്ദയുടെ അനുയായികളുമായി നടത്തിയ വീഡിയോ കോൺഫറൻസിലായിരുന്നു വെളിപ്പെടുത്തൽ. സനാതധർമം സ്ഥാപിക്കുന്നതിനുവേണ്ടി പോരാടിയ സ്വാമി ജീവത്യാഗം ചെയ്തെന്നാണ് സുന്ദരേശ്വരൻ അറിയിച്ചത്.

അതേസമയം, നിത്യാനന്ദ മരിച്ചെന്ന വാർത്ത അടുത്തവൃത്തങ്ങൾ നിഷേധിച്ചു. മരണവാർത്ത ഏപ്രിൽ ഫൂൾ എന്ന അർഥത്തിൽ പങ്കുവച്ചതായിരിക്കാമെന്നും സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്നുണ്ട്.

നേരത്തെയും നിത്യാനന്ദയുടെ മരണവുമായി ബന്ധപ്പെട്ട വാർത്തകൾ നിരവധി തമിഴ്, ദേശീയ മാധ്യമങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. തമിഴ്നാട്ടിലെ തിരുവണ്ണാമലയിലാണ് നിത്യനന്ദയുടെ ജനനം. തനിക്കു ദിവ്യശക്തി ഉണ്ടെന്ന് പ്രചരിപ്പിച്ച് വലിയതോതിൽ ആളുകളെ ആകർഷിച്ചിരുന്നു നിത്യാനന്ദ. രാജ്യത്തും വിദേശത്തുമായി നിരവധി ആശ്രമങ്ങൾ സ്ഥാപിച്ചു.

2010ൽ സിനിമാ നടിക്കൊപ്പമുള്ള സ്വകാര്യവീഡിയോ പുറത്തുവന്നതോടെയാണ് നിത്യാനന്ദ പൊതുമധ്യത്തിൽ അസ്വീകാര്യനായി മാറുന്നത്. ഇതിനിടെ ബലാത്സംഗക്കേസുകളിലും നിത്യാനന്ദ അകപ്പെട്ടു. തങ്ങളുടെ മൂന്നു കുട്ടികളെ തട്ടിക്കൊണ്ടുപോയി എന്ന ദമ്പതിമാരുടെ പരാതിക്കു പിന്നാലെയാണ് നിത്യാനന്ദ ഇന്ത്യ വിട്ടത്. ലാറ്റിനമേരിക്കൻ രാജ്യമായ ഇക്വഡോറിനു സമീപത്തുള്ള ദ്വീപുകളിലൊന്നു വാങ്ങി 'കൈലാസ' എന്ന പേരിൽ രാജ്യമുണ്ടാക്കി ജീവിക്കുകയാണെന്ന വാർത്തകൾ പുറത്തുവന്നിരുന്നു. എന്നാൽ കൈലാസ ഒരു വ്യാജരാജ്യമാണെന്നും തട്ടിപ്പാണെന്നും ആക്ഷേപമുണ്ടായി.

ശ്രീനാഥ് ഭാസിക്കും ഷൈൻ ടോമിനും ലഹരി കൈമാറി; ആലപ്പുഴയിൽ ഹൈബ്രിഡ് കഞ്ചാവുമായി പിടികൂടിയ യുവതിയുടെ മൊഴി

ആലപ്പുഴ: മലയാള സിനിമയിലെ പ്രമുഖ താരങ്ങൾക്കെതിരെ ഹൈബ്രിഡ് കഞ്ചാവുമായി പിടികൂടിയ യുവതിയുടെ മൊഴി. ശ്രീനാഥ് ഭാസിക്ക് കഞ്ചാവ് കൈമാറി. ഷൈൻ ടോം ചാക്കോ കസ്റ്റമറാണെന്നും ഇവർ എക്സൈസ് സംഘത്തിന് മൊഴി നൽകി.ആലപ്പുഴയിൽ പിടിയിലായ തസ്ലീന സുൽത്താനയാണ് ഇരുവർക്കുമെതിരേ മൊഴി നൽകിയത്. ഇരുവരുമായുള്ള ബന്ധത്തിന്റെ ഡിജിറ്റൽ തെളിവുകൾ എക്സൈസിന് ലഭിച്ചിട്ടുണ്ട്. പ്രതിക്ക് സിനിമ മേഖലയിലെ മറ്റ് ഉന്നതരുമായും ബന്ധമുണ്ടെന്നാണ് വിവരം.രണ്ട് കോടി രൂപയുടെ ഹൈബ്രിഡ് കഞ്ചാവുമായാണ് ചെന്നൈ സ്വദേശിനി തസ്ലിമ സുൽത്താനയെ എക്സൈസ് പിടികൂടിയത്. ഇവർക്കൊപ്പം മക്കളും ഉണ്ടായിരുന്നു. ചൊവ്വാഴ്ച രാത്രിയാണ് നർക്കോട്ടിക്സ് സിഐ മഹേഷിന്റെ നേതൃത്വത്തിലുള്ള സംഘം ആലപ്പുഴ മാരാരിക്കുളത്തെ റിസോർട്ടിൽ നിന്നാണ് ഇവരെ പിടികൂടുന്നത്.യുവതിക്കൊപ്പം മണ്ണഞ്ചേരി സ്വദേശിയായ ഫിറോസ് എന്നയാളെയും എക്സൈസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. ഫിറോസുമായി ചേർന്ന് വില്പന നടത്താനായാണ്

സ്ത്രീസാന്നിധ്യം വർധിപ്പിച്ച് സിനിമ എന്ന തൊഴിലിടം സുരക്ഷിതമാക്കാം: ശാരദ മുരളീധരൻ ഐ. എ. എസ്

തിരുവനന്തപുരം: സിനിമ എന്ന തൊഴിലിടം കൂടുതൽ സുരക്ഷിതമാക്കാൻ ഈ മേഖലയിലെ സ്ത്രീ സാന്നിധ്യം വർധിപ്പിക്കുകയാണ് വേണ്ടതെന്ന് ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ ഐഎഎസ് അഭിപ്രായപ്പെട്ടു. വനിതകൾക്ക് സിനിമാ സാങ്കേതിക രംഗത്ത് തൊഴിൽ പരിശീലനം നൽകുന്ന പദ്ധതിയുടെ രണ്ടാം ഘട്ടമായ പ്രായോഗിക പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു ചീഫ് സെക്രട്ടറി. സ്ത്രീ പ്രതിനിധ്യം കുറഞ്ഞ മേഖലകളിൽ അത് വർധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ സർക്കാർ നടത്തി വരുകയാണ്. സ്ത്രീകൾ കടന്നു വരുമ്പോൾ ഏത് തൊഴിലന്തരീക്ഷവും മാറുമെന്നും ചീഫ് സെക്രട്ടറി കൂട്ടിച്ചേർത്തു.

തിരുവനന്തപുരം ഗുരുഗോപിനാഥ് നടനഗ്രാമത്തിൽ ഏപ്രിൽ രണ്ടു മുതൽ ആറുവരെ നടക്കുന്ന പ്രായോഗിക പരിശീലന ശിൽപശാലയുടെ ഉദ്ഘാടന ചടങ്ങിൽ ചലച്ചിത്ര അക്കാദമി ചെയർമാൻ പ്രേംകുമാർ അധ്യക്ഷത വഹിച്ചു.

സാംസ്കാരിക വകുപ്പ് ഡയറക്ടർ ഡോ. ദിവ്യ എസ്. അയ്യർ ഐ. എ. എസ്, സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് ചെയർമാൻ മധുപാൽ, ഫെഫ്ക വർക്കിംഗ് സെക്രട്ടറി സോഹൻ സീനുലാൽ, ചലച്ചിത്ര അക്കാദമി സെക്രട്ടറി സി. അജോയ്, ഗുരുഗോപിനാഥ് നടനഗ്രാമം സെക്രട്ടറി ശബ്ന ശശിധരൻ, ക്യാമ്പ് ഡയറക്ടർ കുക്കു പരമേശ്വരൻ എന്നിവർ പങ്കെടുത്തു. തുടർന്ന് അഡ്വ. ജെ. സന്ധ്യ തൊഴിലിടത്തിലെ നിയമ പരിരക്ഷയുമായി ബന്ധപ്പെട്ട ബോധവത്കരണ ക്ലാസ് നടത്തി.

മന്ത്രിസഭയുടെ നാലാം വാർഷികാഘോഷങ്ങളുടെ ഭാഗമായാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്.

ശ്രീകല എസ്, അനാമിക അശോക്, (പ്രൊഡക്ഷൻ മാനേജ്മെന്റ്), ജൂലിയ ജി (ലൈറ്റിംഗ്), കവിത ഭാമ, ദിവ്യ കെ. ആർ (ആർട്ട് ആന്റ് ഡിസൈൻ), പൂജ എസ് കുമാർ, ജിഫി വിജയ് (കോസ്റ്റ്യൂം), രേഷ്മ എം, റിംന പി (മേക്കപ്പ്), സാനിയ എസ്, ശാന്തികൃഷ്ണ (പോസ്റ്റ് പ്രൊഡക്ഷൻ സൂപ്പർവിഷൻ), ധന്യ വി നായർ, നിവ്യ വി. ജി (മാർക്കറ്റിംഗ് ആന്റ് പബ്ളിസിറ്റി) എന്നിവരാണ് പരിശീലനപരിപാടിയിൽ പങ്കെടുക്കുന്നത്. ഛായാഗ്രാഹകരായ അഴകപ്പൻ, ഫൗസിയ ഫാത്തിമ, മേക്കപ്പ് മാൻ പട്ടണം റഷീദ്, കലാസംവിധായകൻ ബാവ, കോസ്റ്റ്യൂം ഡിസൈനർ ഫെമിന ജബ്ബാർ, എഡിറ്റർ അപ്പു ഭട്ടതിരി, പ്രൊഡക്ഷൻ കൺട്രോളർ ഷിബു ജി സുശീലൻ, മഞ്ജു ഗോപിനാഥ്, സീതാലക്ഷ്മി തുടങ്ങിയവർ ക്ളാസെടുക്കും.

കേരള നോളജ് ഇക്കോണമി മിഷന്റെയും കെ എസ്. എഫ്. ഡി. സി യുടെയും സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. ചലച്ചിത്രമേഖലയിൽ തൊഴിൽ ചെയ്യാൻ താൽപ്പര്യമുള്ള വനിതകളെ നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ രണ്ട് ഘട്ടങ്ങളായാണ് തെരഞ്ഞെടുത്തത്. ചലച്ചിത്ര അക്കാദമി, നോളജ് ഇക്കോണമി മിഷൻ, ലേബർ കമ്മിഷണറേറ്റ് എന്നിവയിലെ പ്രതിനിധികളടങ്ങുന്ന സമിതി അപേക്ഷകരിൽനിന്ന് നിശ്ചിത യോഗ്യതയുള്ളവരെ ആദ്യഘട്ടമായ ഓറിയന്റേഷൻ ക്യാമ്പിലേക്ക് തെരഞ്ഞെടുത്തു.

2024 സെപ്റ്റംബർ 27,28,29 തീയതികളിൽ തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ നടന്ന ക്യാമ്പിൽ 30 വനിതകൾ പങ്കെടുത്തിരുന്നു. ഈ ക്യാമ്പിലെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ ഏഴുവിഭാഗങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 13 പേർക്കാണ് അതത് മേഖലകളിൽ പ്രായോഗിക പരിശീലനം നൽകുന്നത്. പരിശീലന കാലയളവിൽ ചലച്ചിത്ര അക്കാദമി മുഖേന നിശ്ചിത തുക സ്റ്റൈപ്പന്റ് അനുവദിക്കും. പരിശീലനത്തിനുശേഷം പ്രൊഫഷണൽ ഫിലിം പ്രൊഡക്ഷൻ കമ്പനികളിൽ തൊഴിലവസരത്തിന് വഴിയൊരുക്കും.

മികച്ച ക്ഷയരോഗ നിവാരണ പ്രവർത്തനം: കേരളത്തിന് ദേശീയ അവാർഡ്

കേരളത്തിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിച്ച് കേന്ദ്ര ആരോഗ്യ മന്ത്രി

കേരളത്തിന് മികച്ച ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങൾക്കുള്ള ദേശീയ പുരസ്കാരം. 2024 ഡിസംബർ 7 മുതൽ 2025 മാർച്ച് 7 വരെ നടന്ന ക്ഷയരോഗ നിവാരണ പദ്ധതിയുടെ 100 ദിനകർമ്മ പരിപാടിയിൽ പരമാവധി നാറ്റ് ടെസ്റ്റ് ചെയ്തതിനുള്ള പുരസ്കാരമാണ് സംസ്ഥാനത്തിന് ലഭിച്ചത്. ആകെ 87,330 പേർക്കാണ് പരിശോധന നടത്തിയത്. അതിൽ 71,238 പേർക്കും ആധുനിക മോളിക്യൂലർ പരിശോധനായ സി.ബി.നാറ്റ്, ട്രൂനാറ്റ് പരിശോധനകൾ നടത്താനായി. 18 ശതമാനം പേർക്ക് മാത്രമാണ് പഴയരീതിയിലുള്ള മൈക്രോസ്കോപ്പ് പരിശോധന നടത്തിയത്. അതേസമയം സംസ്ഥാനത്തെ നാറ്റ് പരിശോധന ശരാശരി 82 ശതമാനമാണ്. മാത്രമല്ല 5,588 ക്ഷയരോഗ ബാധിതരെ കണ്ടെത്തി തുടർചികിത്സ നൽകാനുമായി. ഇതിനുള്ള അംഗീകാരമായാണ് കേരളത്തിന് ദേശീയ പുരസ്കാരം ലഭിച്ചത്.

ആരോഗ്യ മന്ത്രി വീണാ ജോർജുമായി കഴിഞ്ഞ ദിവസം നടത്തിയ കൂടിക്കാഴ്ചയിൽ കേരളം നടത്തുന്ന ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങളെ കേന്ദ്ര ആരോഗ്യ വകുപ്പ് മന്ത്രി ജെ പി നഡ്ഡ അഭിനന്ദിച്ചു. ക്ഷയരോഗ നിവാരണത്തിനായി വിവിധങ്ങളായ പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്. സർക്കാർ മേഖലയോടൊപ്പം സ്വകാര്യ മേഖലയിലെയും ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചതിന് 2022ലും 2023ലും സംസ്ഥാനത്തിന് ദേശീയ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

2024ൽ 138 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ക്ഷയരോഗ മുക്ത പഞ്ചായത്ത് അവാർഡിന് അർഹത നേടി. വയനാട്, ഇടുക്കി ജില്ലകളിലെ പകുതിയിലധികം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ക്ഷയരോഗമുക്ത പദവിക്ക് അർഹത നേടിയിട്ടുണ്ട്.

100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി വിപുലമായ ക്യാമ്പയിനാണ് ആരോഗ്യ വകുപ്പ് സംഘടിപ്പിച്ചത്. ഇതിലൂടെ പ്രിസന്റീവ് ടിബി എക്സാമിനേഷൻ നിരക്ക് വർഷത്തിൽ ഒരു ലക്ഷം ജനസംഖ്യയിൽ 1500ൽ നിന്ന് 2201 ആയി ഉയർത്താനായി.

ഈ ക്യാമ്പയിനിലൂടെ സംസ്ഥാനത്ത് ക്ഷയരോഗ സാധ്യത കൂടിയ 81.6 ലക്ഷം വ്യക്തികളെ മാപ്പ് ചെയ്തു. രോഗലക്ഷണങ്ങൾ പ്രകടിപ്പിച്ച 1,98,101 പേർക്ക് വിശദ പരിശോധന നടത്തി. അതിൽ 5,588 ക്ഷയരോഗ ബാധിതരെ കണ്ടെത്തി തുടർചികിത്സ ഉറപ്പാക്കാനായി.

ഇലക്ഷൻ വകുപ്പിന്റെ ഏകീകൃത കോൾ സെന്റർ ഉദ്ഘാടനം ചെയ്തു

സംസ്ഥാന ഇലക്ഷൻ വകുപ്പിന്റെ ഏകീകൃത ടോൾ ഫ്രീ നമ്പരായ 1950 ന്റെ ഉദ്ഘാടനം ചീഫ് ഇലക്ട്രൂൽ ഓഫീസർ രത്തൻ യു. കേൽക്കർ കേരള സ്റ്റേറ്റ് ഐടി മിഷനിൽ നിർവഹിച്ചു. ഐടി മിഷൻ ഡയറക്ടർ സന്ദീപ് കുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ അഡീഷണൽ ചീഫ് ഇലക്ട്രൂൽ ഓഫീസർമാരായ ഷർമിള. സി, കൃഷ്ണദാസൻ പി, അനീഷ് റ്റി, ഇ-ഗവേർണൻസ് ഹെഡ് എസ് സനോബ് എന്നിവർ പങ്കെടുത്തു. ഇലക്ഷൻ വകുപ്പിന്റെ ജില്ലാ തലത്തിലുള്ള കോൾ സെന്ററുകൾ തെരഞ്ഞെടുപ്പ് സമയത്തും സംക്ഷിപ്ത വോട്ടർ പട്ടിക പുതുക്കൽ സമയത്തും മാത്രമാണ് പ്രവർത്തിച്ചിരുന്നത്. സംസ്ഥാന/ ജില്ലാ തലങ്ങളിൽ പ്രവർത്തിച്ചിരുന്ന കോൾ സെന്ററുകൾ ഏകീകരിച്ച് 1950 എന്ന ഒറ്റ ടോൾ ഫ്രീ നമ്പരിലേക്ക് മാറുന്നതിന്റെ അടിസ്ഥാനത്തിലാണ് ഐ.ടി മിഷന്റെ മേൽനോട്ടത്തിൽ സെന്റർ പ്രവർത്തനം ആരംഭിച്ചത്. 1950 ടോൾ ഫ്രീ നമ്പർ ഉപയോഗിച്ച് ഇലക്ഷൻ വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ, ലോകസഭ/ രാജ്യസഭ/ നിയമസഭ തെരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ട വിവരങ്ങൾ എന്നിവ പൊതുജനങ്ങൾക്ക് ലഭ്യമാകും. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾക്കും സംശയ ദുരീകരണങ്ങൾക്കും പൊതുജനങ്ങൾ 1950 ടോൾ ഫ്രീ നമ്പർ പ്രയോജനപ്പെടുത്തണമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു. സംസ്ഥാന ഇലക്ഷൻ കമ്മീഷനുമായി ബന്ധപ്പെട്ട വിവരങ്ങൾ 1950 ടോൾ ഫ്രീ നമ്പരിലൂടെ ലഭ്യമാകില്ല.

അക്കൗണ്ട് വിവരങ്ങൾ സമർപ്പിക്കണം

2024-25 അധ്യയന വർഷത്തെ കീം പ്രവേശനവുമായി ബന്ധപ്പെട്ട് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഫീസ് ഒടുക്കിയിട്ടുള്ളവരിൽ റീഫണ്ടിന് അർഹതയുള്ള വിദ്യാർഥികളിൽ അക്കൗണ്ട് ഡീറ്റെയിൽസ് തെറ്റായതു കാരണം റീഫണ്ട് ലഭിക്കാത്തവർക്ക് തുക ബാങ്ക് അക്കൗണ്ട് വഴി തിരികെ നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

റീഫണ്ടിന് അർഹതയുള്ള വിദ്യാർഥികളുടെ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അർഹതയുള്ള വർ www.cee.kerala.gov.in വെബ്സൈറ്റിലെ 'ഗഷ്ജഅങ 2024 ഇമിറശറമലേ ജ്യീ മേഹ' എന്ന ലിങ്കിൽ ആപ്ലിക്കേഷൻ നമ്പർ, പാസ്‌വേഡ് എന്നിവ നൽകി പ്രവേശിച്ച് 'Submit Bank Account Details' മെനു ക്ലിക്ക് ചെയ്ത് ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഏപ്രിൽ 7ന് വൈകിട്ട് 5 മണിക്കു മുൻപ് സമർപ്പിക്കണം. വിശദ വിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. ഫോൺ: 0471 2525300.

വൃത്തി കോൺക്ലേവ്: മാലിന്യനിർമാർജ്ജനരംഗത്ത് സ്റ്റാർട്ടപ്പുകൾക്കും നിക്ഷേപകർക്കും അവസരമൊരുക്കാൻ ബിസിനസ് മീറ്റുകൾ സംഘടിപ്പിക്കും

സംസ്ഥാനത്തെ മാലിന്യനിർമാർജ്ജന രംഗത്ത് സ്റ്റാർട്ടപ്പുകൾക്കും നിക്ഷേപകർക്കും അവസരമൊരുക്കാൻ വൃത്തി കോൺക്ലേവിനോടനുബന്ധിച്ച് നിക്ഷേപക സംഗമങ്ങൾ സംഘടിപ്പിക്കും. ഏപ്രിൽ 11ന് മാസ്കോട്ട് ഹോട്ടലിൽ വച്ചാണ് ഒരുദിവസം നീളുന്ന ബിസിനസ് മീറ്റുകൾ നടത്തുക. രാവിലെ 9.30 ന് വ്യാവസായ വകുപ്പ് മന്ത്രി പി. രാജീവ് ഉത്ഘാടനം ചെയ്യും. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് അദ്ധ്യക്ഷത വഹിക്കും. നിക്ഷേപകരും സ്ഥാപനങ്ങളും സ്റ്റാർട്ടപ്പുകളും മാലിന്യനിർമാർജ്ജനവുമായി ബന്ധപ്പെട്ട് വികസിപ്പിച്ചിട്ടുള്ള സാങ്കേതികവിദ്യകളുടേയും മറ്റും അവതരണവും ഇവയുടെ സാധ്യതകളുമാണ് ബിസിനസ് മീറ്റിൽ ചർച്ച ചെയ്യുക. ഖരമാലിന്യ സംസ്കരണം, ദ്രവ മാലിന്യ സംസ്കരണം, നിർമാണ മേഖലയിലെ മാലിന്യങ്ങൾ, സാനിട്ടറി മാലിന്യങ്ങൾ, ഇ- മാലിന്യങ്ങൾ എന്നിവയുടെ നിർമാർജ്ജനത്തിനാണ് കൂടുതൽ ഊന്നൽകൊടുക്കുന്നത്. ഒപ്പം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഡിജിറ്റൽ ഇന്നൊവേഷനുകളും സെഷനുകളിൽ ചർച്ചചെയ്യും.മാലിന്യസംസ്കരണ രംഗത്തെ നിക്ഷേപ സാധ്യതകൾ, സ്റ്റാർട്ടപ്പുകളുടെ പങ്ക് എന്നിങ്ങനെ രണ്ടു സെഷനുകളായിട്ടാണ് മീറ്റ് നടക്കുക. പങ്കെടുക്കുന്ന കമ്പനികൾക്ക് സർക്കാർ മേഖലയിലും സ്വകാര്യ നിക്ഷേപകർ വഴിയും തേടാവുന്ന സാധ്യതകൾ ചർച്ച ചെയ്യപ്പെടും. അതോടൊപ്പം മാലിന്യം കൈകാര്യം ചെയ്യുന്നതിലും പുനഃചംക്രമണം, സുസ്ഥിര പരിഹാര മാർഗങ്ങൾ എന്നിവയിലുമുള്ള സാധ്യതകളും പരിശോധിക്കും. ഈ രംഗവുമായി ബന്ധപ്പെട്ടുള്ള സർക്കാർ നയങ്ങൾ, ഇൻസെന്റീവുകൾ, നിയമപരമായ ചട്ടക്കൂടുകൾ തുടങ്ങിയവയ്ക്കൊപ്പം നിലവിലുള്ള സാങ്കേതികവിദ്യകളേയും സുസ്ഥിര മാതൃകകളേയും പറ്റി കമ്പനികൾക്കും സ്റ്റാർട്ടപ്പുകൾക്കും മനസ്സിലാക്കുന്നതിനുള്ള പരിപാടി കൂടിയായിരിക്കും ബിസിനസ് മീറ്റുകൾ. ഏപ്രിൽ 9 മുതൽ 13 വരെയാണ് വൃത്തി കോൺക്ലേവ് നടക്കുന്നത്.

അച്ഛനെയും സഹോദരങ്ങളെയും മർദിക്കുന്നതു കണ്ട് അച്ചൻകോവിലാറ്റിൽ ചാടിയ പെൺകുട്ടി മരിച്ചു

പത്തനംതിട്ട: ഉത്സവം കണ്ടു മടങ്ങുന്ന വഴി അച്ഛനും സഹോദരങ്ങളും അയൽവാസിയായ യുവാവുമായി സംഘട്ടനത്തിലേർപ്പെടുന്നത് കണ്ട് പാലത്തിൽനിന്ന് അച്ചൻകോവിലാറ്റിൽ ചാടിയ പെൺകുട്ടി മുങ്ങിമരിച്ചു.

അയൽവാസിയായ യുവാവിനെ പോലീസ് കസ്റ്റഡിയിൽ എടുത്തെങ്കിലും വിട്ടയച്ചു. പത്തനംതിട്ട അഴൂർ വടക്കേ പഴന്തറ വീട്ടിൽ പ്രകാശിന്റെ മകളും ഒമ്പതാം ക്ലാസ് വിദ്യാർഥിനിയുമായ ആവണി പ്രകാശാണ് മരിച്ചത്.

അഴൂർ തെക്കേതിൽ വലിയവീട്ടിൽ ശരത്തും സംഘവും അച്ഛനെ മർദിക്കുന്നതു കണ്ടതിലുള്ള മനോവിഷമത്തിൽ പെൺകുട്ടി ആറ്റിലേക്കു ചാടിയതാണെന്നാണ് പോലീസിന്റെ പ്രാഥമിക നിഗമനം. യുവാവിനെ പ്രതി ചേർക്കുന്നതുസംബന്ധിച്ച് പോലീസ് നിയമോപദേശം തേടിയെങ്കിലും കസ്റ്റഡിയിലെടുത്തശേഷം വിട്ടയയ്ക്കുകയായിരുന്നു. തിങ്കളാഴ്ച രാത്രി 8.45നാണ് സംഭവം.

ആവണി, അച്ഛൻ പ്രകാശ്, അമ്മ ബീന, സഹോദരൻ അശ്വിൻ, പ്രകാശിന്റെ സഹോദര പുത്രൻ അനു എന്നിവർ വലഞ്ചുഴി ദേവീക്ഷേത്രത്തിലെ ഉത്സവത്തിനുപോയി മടങ്ങുംവഴി വലഞ്ചുഴി താത്കാലിക പാലത്തിൽവച്ചാണ് സംഘട്ടനമുണ്ടായത്. ശരത് നേരത്തേ പെൺകുട്ടിയെ ശല്യം ചെയ്തിരുന്നുവെന്നാണ് പ്രകാശ് പറയുന്നത്.

ശരത്തുമായി വാക്കുതർക്കം ഉണ്ടായ പ്രകാശ് കൈയേറ്റത്തിനു മുതിർന്നതായി പറയുന്നു. ആവണിയുടെ പേര് പറഞ്ഞായിരുന്നു സംഘട്ടനം.

ആവണിക്കു നേരേ ശരത് തിരിഞ്ഞപ്പോൾ പെൺകുട്ടി അച്ചൻകോവിലാറ്റിൽ ചാടുകയായിരുന്നുവെന്നാണ് പ്രകാശിന്റെ മൊഴി.

തൊഴിൽ വാഗ്ദാനം നൽകി തട്ടിപ്പ്: ലീഗ് നേതാവ് കോടതിയിൽ കീഴടങ്ങി

ചവറ: കെഎംഎംഎൽ കമ്പനിയിൽ തൊഴിൽ വാഗ്ദാനം ചെയ്ത് 25 ലക്ഷം രൂപ കബളിപ്പിച്ച കേസിൽ ഒളിവിൽ ആയിരുന്ന മുസ്ലിം ലീഗ് മുൻ ദേശീയ കൗൺസിൽ അംഗം അബ്ദുൽ വഹാബ് കോടതിയിൽ കീഴടങ്ങി. മുസ്ലിം ലീഗ് മുൻ ദേശീയ കൗൺസിൽ അംഗം ശൂരനാട് കുമരഞ്ചിറ പ്ലാവില വീട്ടിൽ അബ്ദുൽ വഹാബിനെ (65) പിന്നീട് ചവറ മജിസ്ട്രേട്ട് കോടതിയി ഹാജരാക്കി 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു. വഞ്ചനാ കുറ്റംചുമത്തി ചവറ പോലീസ് രജിസ്റ്റർ ചെയ്ത കേസിൽ ഇയാൾക്ക് പോലീസ് നോട്ടീസ് നൽകിയിരുന്നുയെങ്കിലും ഒളിവിൽ പോയ അബ്ദുൽ വഹാബിന്റെ മുൻകൂർ ജാമ്യാപേക്ഷ ഹൈക്കോടതിയും സുപ്രീം കോടതിയും തള്ളിയിരുന്നു. തുടർന്നാണ് അബ്ദുൽ വഹാബ് മജിസ്ട്രറ്റ് മുമ്പാകെ ഹാജരായത്. പന്മന വടക്കുംതലമുല്ലമംഗലത്ത് വീട്ടിൽ താജുദീന്റെ പക്കൽ നിന്നുമാണ് മകന് ജോലി നൽകാമെന്നു പറഞ്ഞു ഇയാൾ 25ലക്ഷം തട്ടിയെടുത്തത്. താജുദീന്റെ ഭാര്യ റസിയാബീഗമാണ് പരാതിയുമായി പോലീസിനെ സമീപിച്ചത്. പണം കൈപ്പറ്റുന്നതും എണ്ണി തിട്ടപ്പെടുത്തുന്നതും തൊഴിൽ വാഗ്ദാനം ചെയ്യുന്നതും അടക്കമുള്ള വീഡിയോ ദൃശ്യങ്ങൾ പരാതിക്കാർ മാധ്യമങ്ങളിലൂടെ നൽകിയതിനെ തുടർന്നാണ് പോലീസ് സംഭവത്തിൽ കേസെടുത്തത്. ഹജ്ജ് വിസ നൽകാം എന്ന് പറഞ്ഞ് ഒട്ടേറെ ആളുകളിൽ നിന്നും അബ്ദുൽ വഹാബ് പണം വാങ്ങിയിട്ടുണ്ടന്നും പോലീസ് പറയുന്നു.

അധ്യാപികയുടെ ഫോട്ടോ അനുവാദമില്ലാതെ സിനിമയിൽ; നഷ്ടപരിഹാരം നൽകണം: കോടതി

കാടുകുറ്റി(തൃശൂർ): അനുവാദമില്ലാതെ അപകീർത്തിപ്പെടുത്തുംവിധം അധ്യാപികയുടെ ഫോട്ടോ സിനിമയിൽ ഉപയോഗിച്ച സിനിമാപ്രവർത്തകർക്കെതിരേ നഷ്ടപരിഹാരം നൽകാൻ മുനിസിഫ് കോടതി വിധി. ആൻറണി പെരുന്പാവൂർ നിർമിച്ച് പ്രിയദർശൻ സംവിധാനംചെയ്ത ഒപ്പം സിനിമയിലാണ് അധ്യാപികയുടെ ഫോട്ടോ ഉപയോഗിച്ചത്.

കാടുകുറ്റി വട്ടോലി സജി ജോസഫിന്റെ ഭാര്യയും കൊടുങ്ങല്ലൂർ അസ്മാബി കോളജ് അധ്യാപികയുമായ പ്രിൻസി ഫ്രാൻസിസ് അഡ്വ. പി. നാരായണൻകുട്ടി മുഖേന ഫയൽചെയ്ത കേസിലാണ് പരാതിക്കാരിക്ക് ഒരു ലക്ഷം രൂപ നഷ്ടപരിഹാരവും കോടതിച്ചെലവായി 1,68,000 രൂപയും നൽകാൻ ചാലക്കുടി മുൻസിഫ് എം. എസ്. ഷൈനി വിധിച്ചത്.

മോഹൻലാൽ നായകനായി അഭിനയിച്ച 'ഒപ്പം' സിനിമയിലെ 29-ാം മിനിറ്റിലെ രംഗത്തിൽ പോലീസ് ക്രൈം ഫയൽ മറിക്കുന്പോൾ ക്രൂരമായി കൊല്ലപ്പെട്ട യുവതിയുടെ ഫോട്ടോയായിട്ടാണ് പ്രിൻസി ഫ്രാൻസിസിന്റെ ഫോട്ടോ കാണിച്ചത്. തന്റെ ബ്ളോഗിൽനിന്ന് അനുവാദമില്ലാതെ ഫോട്ടോ എടുക്കുകയായിരുന്നുവെന്നു പരാതിക്കാരി പറഞ്ഞു.

ഓൺലൈൻ മരുന്ന് വിൽപന: നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര മന്ത്രിയോട് മന്ത്രി വീണാ ജോർജ് അഭ്യർത്ഥിച്ചു

അനബോളിക് സ്റ്റിറോയ്ഡുകൾ ഉൾപ്പെടെയുള്ള അനധികൃതമായ മരുന്നുകൾ ഓൺലൈൻ വഴി വാങ്ങുന്നത് തടയാനും ആവശ്യമായ ഇടപെടലുകൾ നടത്താനും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് കേന്ദ്ര ആരോഗ്യ മന്ത്രി ജെ.പി. നഡ്ഡയോട് കത്തിലൂടെയും നേരിട്ടും അഭ്യർത്ഥിച്ചു.

അനധികൃത മരുന്നുകൾക്കെതിരെ കേരളം വലിയ പ്രവർത്തനമാണ് നടത്തുന്നത്. കേരളത്തിലെ ജിമ്മുകളിൽ നിന്നും ലക്ഷക്കണക്കിന് രൂപയുടെ അനധികൃത മരുന്നുകൾ കണ്ടെത്തിയിരുന്നു. ഏത് മരുന്നും ഓൺലൈനായി വാങ്ങാവുന്ന അവസ്ഥ തടയണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

അനബോളിക് സ്റ്റിറോയ്ഡുകളുടെ ഉപയോഗം തടയാനായി മന്ത്രി വീണാ ജോർജിന്റെ നിർദേശ പ്രകാരം സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് കർശന നടപടികളാണ് സ്വീകരിക്കുന്നത്. ജിമ്മുകളിലെ അനധികൃത മരുന്നുകൾ കണ്ടെത്തുന്നതിനും അവയുടെ ദുരുപയോഗം തടയുന്നതിനുമായി സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഓപ്പറേഷൻ ശരീര സൗന്ദര്യയുടെ ഭാഗമായി സംസ്ഥാന വ്യാപകമായി പ്രത്യേക പരിശോധനകൾ നടത്തിയിരുന്നു. സംസ്ഥാനത്തെ 50 ജിമ്മുകളിൽ പരിശോധന നടത്തുകയും ഏകദേശം ഒന്നര ലക്ഷത്തോളം രൂപയുടെ മരുന്നുകൾ പിടിച്ചെടുക്കുകയും ചെയ്തു. ഇതൊന്നും തന്നെ മെഡിക്കൽ ഷോപ്പുകൾ വഴി ശേഖരിച്ചവയുമല്ല. ഓൺലൈനായാണ് വാങ്ങിച്ചത്. ഈ സാഹചര്യത്തിലാണ് കേന്ദ്ര മന്ത്രിക്ക് കത്തയച്ചതും നേരിട്ട് അഭ്യർത്ഥിച്ചതും.

ഈ ജിമ്മുകൾക്കെതിരെ കേസെടുത്ത് കർശന നിയമ നടപടികൾ സ്വീകരിച്ച് വരുന്നു. ഇത്തരം മരുന്നുകൾ ഡോക്ടറുടെ കുറിപ്പടി പ്രകാരം മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. അംഗീകൃത ഫാർമസികൾക്ക് മാത്രമേ വിൽക്കാനും അധികാരമുള്ളൂ. ഇവയുടെ ദുരുപയോഗം കൊണ്ട് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്. ജിമ്മുകൾ കേന്ദ്രീകരിച്ച് പരിശോധനകൾ ശക്തമാക്കുന്നതാണ്. യുവജനങ്ങളിൽ ഇത്തരത്തിലുള്ള മരുന്നുകളുടെ ദൂഷ്യഫലങ്ങളെപ്പറ്റി ബോധവത്ക്കരണം നൽകാനായി അവബോധ ക്ലാസുകൾ നടത്താനും വകുപ്പ് തീരുമാനമെടുത്തിട്ടുണ്ട്.

സമ്മർ ക്യാമ്പുമായി അസാപ് കേരള

ടെക്നോളജിയുടെ പുതുലോകം തേടിയുള്ള സമ്മർ ക്യാമ്പുമായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലെ അസാപ് കേരള. പുത്തൻ പുതിയ സാങ്കേതികവിദ്യകളിൽ കുട്ടികളുടെ പരിചയസമ്പത്ത് വർധിപ്പിക്കാൻ ലക്ഷ്യമിടുന്ന ഈ അഞ്ചുദിന സമ്മർ ക്യാമ്പ് 'Summer Quest 2.0' എല്ലാ ജില്ലകളിലുമുള്ള അസാപ് സെന്ററുകളിൽ വച്ചായിരിക്കും സംഘടിപ്പിക്കുക. പരിമിതമായ സീറ്റുകളാണ് ഇനി ബാക്കിയുള്ളത്. താല്പര്യമുള്ളവർ http://tiny.cc/summerquest എന്ന ലിങ്ക് ഉപയോഗിച്ച് രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് +919495999623, +919495999709 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതി: കുടിശിക ഏപ്രിൽ 30 വരെ ഒടുക്കാം

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികൾക്ക് കുടിശിക ഒടുക്കുന്നതിനുള്ള അവസാന തീയതി ഏപ്രിൽ 30 വരെ ദീർഘിപ്പിച്ചു.

ഓൺലൈൻ, ഫ്രണ്ട്സ് ജനസേവന കേന്ദ്രം, സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ബ്രാഞ്ചുകൾ എന്നിവ മുഖേനയും പി.ഒ.എസ്. മെഷീനുകൾ ഉപയോഗിച്ച് ജില്ലാ ഓഫീസുകളിലും കുടിശിക അടയ്ക്കാൻ ബോർഡ് സൗകര്യം ഒരുക്കിയിട്ടുണ്ടെന്നും ഈ അവസരം കുടിശിക വരുത്തിയ എല്ലാ തൊഴിലാളികളും പ്രയോജനപ്പെടുത്തണമെന്നും ചെയർമാൻ സി. കെ. ഹരികൃഷ്ണൻ അറിയിച്ചു.

വിഷു ബമ്പർ വിപണിയിലെത്തി

*12 കോടി ഒന്നാം സമ്മാനം

സംസ്ഥാന സർക്കാരിന്റെ ഈ വർഷത്തെ വിഷുബമ്പർ (ബി ആർ 103) ഭാഗ്യക്കുറി വിപണിയിൽ എത്തി. 12 കോടി രൂപയാണ് ഇത്തവണത്തെ വിഷു ബമ്പറിന് ഒന്നാം സമ്മാനമായി നിശ്ചയിച്ചിട്ടുള്ളത്. ആറ് സീരിസുകളിലായി വില്പനക്കെത്തിയ വിഷു ബമ്പറിന്റെ രണ്ടാം സമ്മാനം ഒരു കോടി രൂപ വീതം ആറു സീരീസുകളിലും നൽകും. മൂന്ന്, നാല് സമ്മാനങ്ങളും ഇതേ പ്രകാരം യഥാക്രമം 10 ലക്ഷം, 5 ലക്ഷം എന്ന ക്ര